# ക്രൈസ്തവ വനിത

**September - October 2021**



**A fundamental Christian bi-monthly publication of the women, by the women, for the family**

2021
September - October

Volume XIV
Issue 5

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


- കേരളവും ആത്മഹത്യയും - **എഡിറ്റോറിയൽ** 1
- ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നുവോ? - **എൽസി ബേബി** 3
- കർത്താവിനോടുകൂടെ സഞ്ചരിച്ചിരുന്നവർ - **ജെസി ബെൻസെൻ** 5
- പ്രതിസന്ധിയിൽ തളരാതെ - **മോളിക്കുട്ടി ചാക്കോ** 6
- യഹോവ കുനിഞ്ഞിരിക്കുന്നവരെ നിവിർത്തുന്നു - **ജോയമ്മ സാംസൺ** 8
- എല്ലാറ്റിലും വിശ്വസ്തർ - **സാറാമ്മ ശശി** 11
- ബേഥാന്യയിലെ മറിയയുടെ തൈലാഭിഷേകം - **ഡോ. ചാൾസ് ജോൺ** 14
- ജയിലുകൾ കുറ്റകൃത്യങ്ങളുടെ പാഠശാലയാകരുത് - **ഡോ. കുഞ്ഞുമോൻ ചാക്കോ** 18
- "രാഹാബ് എന്നു പേരുള്ളോരു വേശ്യ" - **ജോർജ് ജോൺ** 22
- ബൈബിളിൽ ഇറാക് - **മേരി അഞ്ചൻ** 25
- God's Forgiveness - Dr. Helen Abraham 27
- QUEST -79 - 28


ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - *എഡിറ്റർ*

ലേഖനങ്ങൾ, കത്തുകൾ എന്നിവ

**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**

എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**

*For private circulation only*

**Editorial Board**

Founder Editor
**Annamma Charles John**

Chief Editor
**Mrs. Mary Anchan**

Associate Editor
**Mrs. Sherine Kingston**

Sub Editor
**Mrs. Sobha Selin**

Telephone: 0471-2448079
E-mail: shanthisadan@gmail.com
Mob: 9087144349

എഡിറ്റോറിയൽ

# കേരളവും ആത്മഹത്യയും



**നൂ**റു ശതമാനവും സാക്ഷരത്വം നേടിയ കേരളത്തിൽ 5 വർഷങ്ങൾക്കുള്ളിൽ 60 സ്ത്രീധനപീഡന മരണങ്ങൾ! ഇവയിൽ ആത്മഹത്യയും, കൊലപാതകവുമുണ്ട്. ചിലത് മാധ്യമങ്ങളിൽ വലിയ ഒച്ചപ്പാട് ഉണ്ടാക്കി. പ്രഥമദൃഷ്ടിയിൽ തന്നെ കൊലപാതകമെന്ന് ഉറപ്പുണ്ടായിരുന്നെങ്കിലും, അവർ നിരപരാധികളെന്നുള്ള തീരുമാനത്തിലെത്തുവാൻ കണക്കില്ലാതെ പണം കൈപ്പറ്റിക്കൊണ്ട് വക്കീലന്മാരും രംഗപ്രവേശം ചെയ്തിരുന്നു. ലോകമനഃസാക്ഷിയേ ഞെട്ടിപ്പിച്ച സംഭവങ്ങൾ അങ്ങനെ കെട്ടമർന്നു! കുറ്റവാളിയെ കണ്ടുപിടിച്ചാലും സകലസൗകര്യങ്ങളും ഒരുക്കിയിട്ടുള്ള "പഞ്ചനക്ഷത്ര" ജയിലുകളിൽ കുറെനാൾ സ്വച്ഛന്ദം വിഹരിച്ചതിനുശേഷം പുറത്തു വരുന്നു!

ഏറ്റവും നിസ്സാരകാര്യങ്ങൾക്കുപോലും കുട്ടികൾ ആത്മഹത്യയ്ക്ക് എത്തിച്ചേരുന്ന പ്രവണതയാണ് ഇന്നു നാം കാണുന്നത്. അമ്മ മൊബൈൽ ഫോണിന് പണം നല്കിയില്ല, തനിക്കിഷ്ടമുള്ള ടി.വി. പരിപാടികൾ വീക്ഷിക്കാൻ അനുമതി നല്കിയില്ല, മറ്റുള്ളവരുടെ മുമ്പിൽ ശാസിച്ചു, പരീക്ഷയിൽ പരാജയം സംഭവിച്ചു - എന്നിത്യാദി നിസ്സാരകാര്യങ്ങൾക്ക് കുട്ടികൾ ആത്മഹത്യ ചെയ്യുന്നതായി പത്രങ്ങളിൽ വായിക്കാറുണ്ട്. ഇതിനൊക്കെയുള്ള അടിസ്ഥാനകാരണങ്ങൾ എന്താണെന്ന് ചിന്തിക്കേണ്ടതുണ്ട്.

മനുഷ്യജീവന്റെയും, ജീവിതത്തിന്റെയും മൂല്യം എന്താണെന്ന് ഈ കുട്ടികൾക്കു യാതൊരു അറിവുമില്ല. ജനിച്ചു വളരുന്ന വീടുകളിൽ യാതൊരു ശിക്ഷണവും ലഭിക്കുന്നില്ല. "യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു (സങ്കീ.127:1). ഒരു വീടിന്റെ നിലനില്പ്പും ശക്തിയും അതിന്റെ അടിസ്ഥാനത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. കുഞ്ഞുങ്ങളുടെ ജീവിതം യേശുക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ ആയിരിക്കണം ആരംഭിക്കേണ്ടത്. മാതൃബന്ധം ഈ ലോകബന്ധങ്ങളിൽ വച്ച് ഏറ്റവും പവിത്രവും ശ്രേഷ്ഠവുമാണ്. ലോകമാലിന്യമേല്ക്കാത്ത നവജാതശിശുവിന്റെ സ്വഭാവരൂപീകരണത്തിന് മാതാക്കൾക്കുള്ള ബന്ധം ഏറ്റവും പ്രബലമാണ്. ഗർഭസ്ഥശിശുവിന്റെ മാനസികവും, ശാരീരികവുമായ ആരോഗ്യം മാതാവിന്റെ ജീവിതചര്യകളെ ഏറെക്കുറെ ആശ്രയിച്ചിരിക്കും. കുഞ്ഞുങ്ങളെ ശൈശവം മുതൽ ദൈവഭക്തിയിലും ദൈവാശ്രയത്തിലും വളർത്തേണ്ട ചുമതല മാതാവിന്റേതാണ്. ലോകത്തിൽ ആശ്രയിക്കാൻ ഒന്നുമില്ലാതാകുമ്പോഴാണ് കുഞ്ഞുങ്ങൾ ഏറ്റവും നിസ്സാര പ്രശ്നങ്ങൾക്കുപോലും ആത്മഹത്യയിൽ പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കുന്നത്.

ഒരു കുട്ടിക്ക് മാതാവ്, അമ്മയും, ഗുരുവും വിശ്വസിക്കാനും ഏതുവിഷയവും പങ്കുവയ്ക്കാനുമുള്ള സ്നേഹിതയും കൂടെ ആയിരിക്കണം. ചെറുപ്പത്തിലേ തന്നെ ദൈവവചനപഠനം നിർബ്ബന്ധമാക്കേണ്ടതാണ്. അപ്പോൾ ആത്മഹത്യാനിരക്ക് കുറയുന്നതാണ്. ആശ്രയിപ്പാനും, സ്നേഹിക്കാനും

ദൈവവും, മാതാപിതാക്കളും ഉണ്ടെങ്കിൽ കുട്ടികളുടെ നിരവധി പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുവാൻ സാധിക്കും. കുടുംബ പ്രാർത്ഥന, ക്രിസ്തീയ പരിശീലനം, വേദപുസ്തകപഠനം എന്നീ വകയ്ക്ക് ഭവനത്തിൽ പ്രത്യേകസ്ഥാനമുണ്ടായിരുന്നാൽ പില്ക്കാലത്ത് ദുഃഖിക്കേണ്ടതായി വരികയില്ല.

മോശെയുടെ മാതാവ് യോഖെബേദ്, ശമുവേൽ പ്രവാചകന്റെ മാതാവ് ഹന്നാ, തിമൊഥെയൊസിന്റെ മാതാവ് യൂനിക്കാ, മാതാമഹി ലോവീസ് എന്നിവരുടെ ചരിത്രം തിരുവചനത്തിൽ നിന്നും പഠിക്കുന്നത് സഹോദരിമാർക്ക് വളരെ പ്രയോജനവും പ്രചോദനവും നല്കാൻ പര്യാപ്തമാണ്. അമേരിക്കൻ പ്രസിഡന്റ് ഏബ്രഹാം ലിങ്കൺ തന്റെ മാതാവിനെക്കുറിച്ച് ഇപ്രകാരം പ്രസ്താവിക്കയുണ്ടായി. ദൈവഭക്തയായ ഒരു മാതാവുള്ളവർ ഒരിക്കലും ദരിദ്രരല്ല.

സഹോദരിമാർ തങ്ങളുടെ മക്കളോടുള്ള കടമ യഥാക്രമം നിർവ്വഹിച്ച്, അവരെ ദൈവത്തിനു പ്രസാദവും മനുഷ്യർക്ക് പ്രയോജനവും ഉള്ളവരായി വളർത്തുവാൻ സർവ്വ കൃപാലുവായ ദൈവം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

''അവളുടെ മക്കൾ എഴുന്നേറ്റ് അവളെ ഭാഗ്യവതി എന്നു പുകഴ്ത്തുന്നു. അവളുടെ ഭർത്താവും അവളെ പ്രശംസിക്കുന്നു'' (സദൃശവാക്യം 31:28).

**മേരി അഞ്ചൻ, തുംകൂർ**
ചീഫ് എഡിറ്റർ

## രചനകൾ

ക്രൈസ്തവ വനിതയിൽ നിങ്ങൾക്കെഴുതാൻ താത്പര്യമുണ്ടോ? ദൈവം നിങ്ങൾക്ക് ഒരാശയം നല്കിയിട്ടുണ്ടെങ്കിൽ ക്രൈസ്തവ ജനതയുടെ ആത്മിക അഭിവൃദ്ധിക്കായി, അനുഗ്രഹത്തിനായി അതെഴുതി ഞങ്ങൾക്കയച്ചുതരിക, നിങ്ങളുടെ സാഹിത്യസൃഷ്ടികൾ വെളിച്ചം കാണട്ടെ. വനിതകളായ എഴുത്തുകാർക്ക് മുൻഗണന. നിങ്ങളുടെ രചനകൾ മൂന്നു പേജിൽ കവിയരുത്. രചനകൾ അയയ്ക്കേണ്ട വിലാസം താഴെ കൊടുത്തിരിക്കുന്നു.

The Editor
Christian Woman,Good News
Akkulam Road
Trivandrum - 695 011
Telephone : 0471 - 2448079

## Quest -78 -ലെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
2. ജെസ്സി മോൻസൻ, കരിയംപ്ലാവ്, തിരുവല്ല
3. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
4. എത്സി തോമസ്സ്, മീൻതുള്ളി, കണ്ണൂർ
5. ലീല കെ.വി. പുളിക്കൽ കവല, കോട്ടയം
6. സൂസൻ ജോൺ, നാലാഞ്ചിറ, തിരുവനന്തപുരം
7. സി. എം. മാമ്മൻ, അണുശക്തി നഗർ, മുംബൈ
8. സാറാമ്മ ശശി, ചുങ്കപ്പാറ, പത്തനംതിട്ട
9. ഗിൽഡ ജോൺ, മൈലക്കര, തിരുവനന്തപുരം
10. സൂസമ്മ ഏബ്രഹാം, പാമ്പാടി, കോട്ടയം

Quest 78 ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

# ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നുവോ?

എൽസി ബേബി, ന്യൂ യോർക്ക്



**തി**രുവചനത്തിൽ എന്നെ ഏറ്റവു മധികം ചിന്തിപ്പിച്ചു സ്വാധീനിപ്പിച്ച ഒരു സാക്ഷ്യമാണ് പൗലൊസ് അപ്പൊസ്തലൻ ഗലാത്യർ 2:20-ൽ പ്രസ്താവിച്ചിരിക്കുന്നത്. "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടി രിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രനിലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്." എന്തൊരു സമർപ്പണം. ഈ വേദഭാഗം വായിച്ചു ധ്യാനി ക്കുമ്പോൾ വേദപുസ്തകം മുഴുവനും ചുരുക്കി ഈ വാക്യങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതാ യിട്ടാണ് എനിക്കു തോന്നാറുള്ളത്. പാപിയിൽ പ്രധാനിയായ ഒരു വ്യക്തിയെ ക്രിസ്തുവിന്റെ ക്രൂശിന്റെ ദർശനം എത്രമാത്രം സ്വാധീനി ച്ചിരിക്കുന്നു! കർത്താവായ യേശുക്രിസ്തു വിനെ കൃപയാലെ വിശ്വാസംമൂലം ഹൃദയ ത്തിൽ അംഗീകരിച്ച് ക്രിസ്തുവിന്നായി തന്റെ ജീവിതം സമ്പൂർണ്ണമായി സമർപ്പിച്ച ഒരു വ്യക്തിക്കു മാത്രമേ ആത്മാർത്ഥമായി ഈ സാക്ഷ്യം പ്രസ്താവിക്കാൻ കഴികയുള്ളൂ. യേശുക്രിസ്തുവിന്റെ യഥാർത്ഥ ക്രൂശിന്റെ ദർശനം പ്രാപിച്ചവർക്കു മാത്രമേ സ്വയം ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടുവാനും, ആ ക്രൂശിൽ പ്രശംസിക്കുവാനും സാധിക്ക യുള്ളൂ. അങ്ങനെ ക്രൂശിന്റെ ദർശനം പ്രാപിച്ച ഒരു ഭക്തൻ "നിസ്സീമമാം നിൻ സ്നേഹത്തെ പ്രകാശിപ്പിക്കും ക്രൂശിനെ ദർശിച്ചനേരം നാഥനേ നിനക്കു ഞാൻ അധീനനായ്. ഈ ഭൂമിയിൽ നിക്ഷേപമായ് ഞാനെണ്ണി വന്ന സർവ്വവും, ഗണിച്ചിടുന്നു നഷ്ടമായ് ഈ ദർശനം മുഖാന്തരം" എന്നു പാടി! ഈ പാട്ട് നാം ആരാധനാ യോഗങ്ങളിൽ പാടാറുള്ളത് വാസ്തവമായ അർത്ഥത്തിലാകുന്നുവോ? ആ പാട്ടിന്റെ ഓരോ അടികളും, ഹൃദയംഗമായി പാടുവാൻ അർഹതയുള്ള എത്ര വിശ്വാസികൾ കാണും? ക്രിസ്തുവിന്റെ ക്രൂശിന്റെ ദർശന മില്ലാതെ നാം പാടുന്നതിൽ വല്ല അർത്ഥവും ഉണ്ടോ? പാപമറിയാത്തവൻ, പാപം ചെയ്യാത്ത വൻ, അവനിൽ പാപം ഇല്ല എന്നു സാക്ഷ്യം കൊണ്ട ദൈവപുത്രൻ തന്റെ സകല സ്വർഗ്ഗീയ മഹിമകളും ഉരിഞ്ഞുവച്ച്, ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്തു മനുഷ്യ സാദൃശ്യത്തിലായി, തന്നെത്താൻ ഒഴിച്ച്, വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെ ത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്നു! ഈ വേദഭാഗത്തിന്റെ ആഴത്തിലേ ക്കിറങ്ങി നമ്മേത്തന്നെ ക്രിസ്തുവിന്റെ മുമ്പാകെ നിർത്തിക്കൊണ്ട് എനിക്കുവേണ്ടി ദൈവപുത്രൻ മനുഷ്യപുത്രനായി, പാപച്ചങ്ങല യാൽ ബന്ധിക്കപ്പെട്ട്, നിത്യനരകന്യായ വിധിക്കു വിധിക്കപ്പെട്ട ഈ മഹാപാപിയെ രക്ഷിപ്പാനാണല്ലോ അങ്ങ് ക്രൂശിലെ മരണ ത്തോളം തന്നെത്താൻ ഏല്പിച്ചു കൊടുത്തത് എന്നു സ്വയം ചോദിക്കുവാൻ നാം തയ്യാറാ കുമോ? ക്രിസ്തു ക്രൂശിൽ അനുഭവിച്ച

കഷ്ടപ്പാടുകളുടെ ഒരംശം പോലും ഊഹിക്കുവാൻ മാനുഷബുദ്ധിക്കു സാദ്ധ്യമല്ല. സർവ്വലോകത്തിന്റെയും പാപം ഏറ്റുകൊണ്ടു ക്രൂശിൽ കിടക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ കണ്ടപ്പോൾ പിതാവിന്റെ ക്രോധം അവന്റെമേൽ ചൊരിയുകയായിരുന്നു. പരിശുദ്ധനായ ദൈവം ലോകത്തെ സ്നേഹിച്ച മഹാസ്നേഹത്തിന്റെ മുമ്പാകെ പിതാവു തന്റെ പുത്രന്റെമേൽ ന്യായവിധി നടപ്പിലാക്കി. ''നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെമേൽ ചുമത്തി. തന്നെത്താൻ താഴ്ത്തി വായെ തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു. പീഡനത്താലും, ശിക്ഷാവിധിയാലും എടുക്കപ്പെട്ടു. അവനെ തകർത്തുകളവാൻ പിതാവിനു ഇഷ്ടംതോന്നി. അവൻ അവനു കഷ്ടം വരുത്തി അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായി തീർന്നു'' (യെശ.53). എന്തിനുവേണ്ടി? ആർക്കുവേണ്ടി? എനിക്കും നിനക്കും വേണ്ടി മാത്രം! ആയിരങ്ങളിൽ പതിനായിരങ്ങളിൽ സുന്ദരനായിരുന്ന ദൈവപുത്രൻ, കണ്ടാൽ ആളല്ലാ എന്നു തോന്നുമാറു, രൂപഗുണമോ, കോമളത്വമോ ഇല്ലാതെ അർത്ഥനഗ്നനായി. തലയിൽ മുൾക്കിരീടം വച്ചാഞ്ഞടിച്ചു, രക്തം ധാരധാരയായി ഒഴുകി, ശരീരം മുഴുവനും ചാട്ടവാറുകൊണ്ടുള്ള അടികളേറ്റു വിണ്ടുകീറി. രക്തം ഒഴുകി നട്ടുച്ചവെയിലിൽ മൂന്നു കാരിരുമ്പാണികളാൽ കൈകാലുകൾ തുളയ്ക്കപ്പെട്ടവനായി ശാപകരമായ ക്രൂശിൽ കിടക്കുന്ന കാഴ്ച ഒന്നു കാണുക. പിതാവു നല്കിയ കയ്പ്പേറിയ പാനപാത്രം മട്ടോളം കുടിച്ചുതീർത്തിട്ടു "നിവൃത്തിയായി" എന്നു പറഞ്ഞു തന്റെ ആത്മാവിനെ പിതാവിങ്കൽ ഏല്പിച്ച അനുസരണമുള്ള ദൈവപുത്രനെ നോക്കിക്കൊണ്ടു പിതാവു പ്രസാദിച്ചു. ''കാൺമിൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്ക് നല്കിയ സ്നേഹത്തിന്റെ ആഴം, നീളം, വീതി, ഉയരം ഇവ അളക്കുവാൻ സാധിക്കുമോ? മരണത്തെ ജയിച്ച ജയാളിയായി, മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ പ്രായശ്ചിത്തമരണത്താൽ തോല്പിച്ച്, ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി, വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞ് സമാധാനം പ്രഖ്യാപിച്ചുകൊണ്ട്, വീണ്ടെടുപ്പു പ്രഖ്യാപിച്ചുകൊണ്ട്, മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് പിതാവിന്റെ വലത്തുഭാഗത്തു നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്ന കർത്താവിനെ വിശ്വാസത്താൽ ഹൃദയത്തിൽ സ്വന്തം രക്ഷിതാവും വീണ്ടെടുപ്പുകാരനുമായി അംഗീകരിക്കുന്ന ഏതു വിശ്വാസിയും ക്രിസ്തുവിനോടുകൂടെ ഈ ലോകത്തിന്നും, പാപത്തിന്നും വേണ്ടി സ്വയം ക്രൂശിക്കാതിരിക്കയില്ല. ക്രിസ്തുവിലായി, പുതിയസൃഷ്ടിയായി രൂപാന്തരം പ്രാപിച്ചവർ മാത്രമാകുന്നു യഥാർത്ഥ ക്രിസ്ത്യാനികൾ! വിശ്വാസികൾ!

പ്രിയമുള്ളവരെ, നാം സമ്പൂർണ്ണമായി ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നുവോ? ഈ രക്ഷിതാവുമായി വ്യക്തിപരമായ ബന്ധം പുലർത്തി അവനിൽ വളരുന്നുവോ? തിരുവചനപഠനത്താലും, ധ്യാനത്താലും, പ്രാർത്ഥനയാലുമല്ലാതെ അതു സാദ്ധ്യമല്ല എന്നോർക്കുക. എത്ര സമയം അതിനായി നാം ചെലവഴിക്കാറുണ്ട്. ക്രിസ്തുവിന്റെ സ്വഭാവത്തോടനുരൂപരായി ക്രിസ്തുവിലുള്ള അതേ ഭാവമുള്ളവരായിട്ടാണോ നാം ജീവിക്കുന്നത്. അവൻ പ്രത്യക്ഷനാകുമ്പോൾ "ഞാൻ നിന്നെ ഒരു നാളും അറിഞ്ഞിട്ടില്ല" എന്നു പറയാനിടയാകുമോ? പരിശോധിക്കുക. ഈലോകത്തെയും അതിലുള്ളതിനെയും സ്നേഹിക്കാതെ നമ്മുടെ വീണ്ടെടുപ്പുകാരനെമാത്രം സ്നേഹിച്ചും, അനുസരിച്ചും ജീവിക്കുക. ''ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ട അനുഭവം'' ❑

# കർത്താവിനോടുകൂടെ സഞ്ചരിച്ചിരുന്നവർ

ജെസി ബെൻസെൻ, കൊച്ചി



രാത്രിമുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും ലഭിക്കാതിരുന്ന, മീൻപിടിത്തക്കാരായിരുന്ന ശീമോനും കൂട്ടാളികൾക്കും യേശുവിന്റെ ഇട പെടൽ നിമിത്തം വല കീറാറാകുവോളം മീൻ കിട്ടി. അപ്പോൾ ശീമോൻ പത്രൊസ് യേശു വിന്റെ കാല്ക്കൽ വീണു. "കർത്താവേ ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ട് എന്നെ വിട്ടു പോകേണമേ" എന്നു അപേക്ഷിച്ചു (ലൂക്കൊ. 5:8). എന്നാൽ യേശു അവരെ വിട്ടു പോയില്ല. പകരം അവരെയും തന്നോടുകൂടെ കൂട്ടി.

അവർക്കുണ്ടായ മീൻപിടിത്തത്തിൽ അവനും അവനോടു കൂടെയുള്ളവർക്കും സംഭ്രമം പിടിച്ചിരുന്നതിനാലാണ് വിട്ടുപോകേണമേ എന്നു അവർ അപേക്ഷിച്ചത്. യേശുവിന്റെ വാക്കു നിമിത്തം വലിയ മീൻ കൂട്ടം കിട്ടിയിട്ടും മീൻപിടിത്തത്തിൽ വിദഗ്ധരെന്നു കരുതി അവനെയും തങ്ങളോടുകൂടെ കൂട്ടാമെന്നു ശീമോൻ കരുതിയില്ല. പകരം മീൻ പിടിത്തത്തിൽപോലും വൈദഗ്ധ്യം തെളിയിക്കാൻ കഴിയാതിരുന്ന അവരെ, അതിനെക്കാൾ ഉന്നതമായൊരു തൊഴിലിനായി കർത്താവ് കൂടെകൂട്ടുകയായിരുന്നു. അവരുടെ തൊഴിൽ മികവോ കഴിവോ നിമിത്തമല്ല, കർത്താവ് അവരെ തിരഞ്ഞെടുത്തത്. വിട്ടുപോകേണമേ എന്നു അപേക്ഷിച്ചവരെയാണ് തങ്ങൾക്കുള്ള സകലവും വിട്ടു പോരുവാൻ കർത്താവ് ഇട വരുത്തിയത്.

തനിച്ചു പ്രവർത്തിക്കുവാനല്ല, തന്നോടു ചേർന്നു പ്രവർത്തിക്കുവാനായിരുന്നു യേശു അവരെ കൂടെ കൂട്ടിയത്. അവൻ സഞ്ചരിച്ചിടത്തെല്ലാം ശിഷ്യന്മാരും കൂടെ സഞ്ചരിച്ചു. യേശു പറഞ്ഞതെല്ലാം പുരുഷാരത്തോടൊപ്പം അവരും ശ്രദ്ധയോടെ കേട്ടു. ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപദേശങ്ങൾ എല്ലാം ഗ്രഹിച്ചു. തനിച്ചിരിക്കുമ്പോൾ സംശയങ്ങളൊക്കെ ചോദിച്ചു മനസ്സിലാക്കി കർത്താവിനോടു കൂടെത്തന്നെ അവർ ജീവിച്ചു.

ഭൂതഗ്രസ്തനായൊരു മനുഷ്യനെ സൗഖ്യമാക്കിയപ്പോൾ, ഭൂതങ്ങളുടെ അപേക്ഷ പ്രകാരം അവെയ്ക്കു പന്നിക്കൂട്ടത്തിലേക്കു പ്രവേശിക്കുവാൻ കർത്താവ് അനുവാദം നല്കുകയും ഭൂതങ്ങൾ പന്നിക്കൂട്ടത്തിൽ കടന്നപ്പോൾ അവ കൂട്ടത്തോടെ തടാകത്തിലേക്കു പാഞ്ഞു വീർപ്പുമുട്ടി ചാവുകയും ചെയ്തു. ജനസമൂഹമെല്ലാം ഭയപരവശരായി തങ്ങളെ വിട്ടു പോകേണം എന്നു അവനോടു അപേക്ഷിച്ചു. അവരുടെ അപേക്ഷപ്രകാരം യേശു അവിടം വിട്ടു മടങ്ങിപ്പോന്നു. അവരെ ആരെയും കർത്താവ് കൂടെ കൂട്ടിയില്ല. ഭൂതങ്ങൾ വിട്ടു പോയ മനുഷ്യനും കർത്താവിനോടുകൂടെ ഇരിപ്പാൻ അനുവാദം ചോദിച്ചെങ്കിലും കർത്താവ് അനുവദിച്ചില്ല. ശീമോൻ പത്രൊസ് തങ്ങളെ വിട്ടുപോകണമെന്നു അപേക്ഷിച്ചിട്ടും അവരെ തന്നോടുകൂടെ കൂട്ടിയ യേശു, വിട്ടുപോകേണമെന്നു പറഞ്ഞ ജനസമൂഹത്തെയോ കൂടെയിരിക്കണമെന്നു അപേക്ഷിച്ച സൗഖ്യമായവനെയോ കൂടെ കൂട്ടിയില്ല!! യേശുവിനോടുകൂടെ സഞ്ചരിക്കുവാൻ അവർക്കു ആർക്കും അവസരമുണ്ടായില്ല (ലൂക്കൊ. 8:37,38).

സ്വയം തിരിച്ചറിയുവാൻ കഴിഞ്ഞതാണ് ശീമോന്റെ പ്രത്യേകത. ഞാൻ പാപി

*ശേഷം 10-ാം പേജിൽ*

# പ്രതിസന്ധിയിൽ തളരാതെ



മോളിക്കുട്ടി ചാക്കോ, കണ്ണൂർ

**കോവിഡ്-19** ലോകം മുഴുവനും ഭീതിയുടെയും, നിരാശയുടെയും അവസ്ഥയിൽ കടന്നുപോകുന്ന ഈ പ്രത്യേക സാഹചര്യത്തിൽ ദൈവമക്കളായ നമുക്കു യോനായുടെ പുസ്തകം നാലാം അദ്ധ്യായം ആറും ഏഴും വാകൃങ്ങൾ ചിന്തിക്കുന്നത് നന്നായിരിക്കും. ഈ വൈറസ് ലോകരാഷ്ട്ര ങ്ങളെ മുഴുവൻ മുൾമുനയിൽ നിർത്തി മരണത്തിന്റെ ഭീതി വിതച്ചുകൊണ്ടിരിക്കുന്നു. ഈ മഹാവ്യാധി രാഷ്ട്രത്തലവന്മാരും, രാഷ്ട്രീയക്കാരും, മെഡിക്കൽ സംഘവും ശാസ്ത്രലോകവും ഒരുപോലെ പകച്ചുപോയ ഒരു വല്ലാത്ത കാഴ്ചയാണ് നാം കാണുന്നത്. ഒന്നാമതായി ഭൂലോകം മുഴുവനും ദൈവം ന്യായവിധി അയയ്ക്കുന്നുവെങ്കിൽ അത് അയയ്ക്കുന്നതിന് മുമ്പ് കർത്താവിന്റെ മണവാട്ടിയായ സഭ, വീണ്ടെടുക്കപ്പെട്ട ദൈവമക്കളെ ദൈവം ഈ ഭൂമിയിൽ നിന്ന് തന്റെ സ്വർഗ്ഗീയ ഭവനത്തിലേക്ക് മദ്ധ്യാകാശത്തിൽ ചേർക്കും. രണ്ടാമതായി പിന്നെ എന്താണിത്? അതാണ് ചിന്തിക്കാൻ പോകുന്ന മൂന്നു കാര്യങ്ങൾ.

1. ദൈവം അറിയാതെ ഭൂമിയിൽ ഒന്നും സംഭവിക്കുന്നില്ല.
2. എന്തു ചെയ്താലും അതിന്റെ പിന്നിൽ ദൈവത്തിന് തന്റേതായി ഒരു ഉദ്ദേശ്യമുണ്ട്.
3. പരിഹാരം അതും ദൈവത്തിന്റെ പക്കൽ നിന്നല്ലാതെ വേറെ ഒരിടത്തുനിന്നും വരികയില്ല.

ലോകം മുഴുവൻ കൊറോണ വൈറസ് എന്നു പറയുന്ന ഈ വൈറസിനെ ഒരു പുഴുവായി സങ്കല്പിക്കുന്നു. ദൈവം ഈ വൈറസിനെ, ഈ പുഴുവിനെ അയച്ചത് എന്തിന്? യോനാപ്രവാചകന്റെ പുസ്തകം 4-ന്റെ 7-ൽ നാം ഇപ്രകാരം വായിക്കുന്നു. പിറ്റെന്നാൾ പുലർന്നപ്പോൾ ദൈവം ഒരു പുഴുവിനെ കല്പിച്ചാക്കി, അത് ആവണക്കു കുത്തിക്കളഞ്ഞു. ഈ പുഴുവിനെ ദൈവം എന്തിനാണ് അയച്ചത്? ആവണക്കിനേക്കാൾ വലുതാണ് ആത്മാക്കൾ എന്ന് യോനാപ്രവാചകനു ബോധ്യം വരുത്തേണ്ടതിനാണ് ദൈവം പുഴുവിനെ അയച്ചത്.

അതെ! ദൈവം എന്തിന് ഇങ്ങനെ ഒരു വൈറസിനെ ലോകത്തിലേക്ക് അയച്ചു. ഈ ലോകം മുഴുവനും ദുഃഖത്തിലും കണ്ണുനീരിലും കിടക്കുമ്പോൾ കുറ്റബോധം വരാത്ത പ്രവാചകന്മാർക്ക് സുബോധം വരുത്തുവാൻ, ആത്മീയലോകത്തിൽ അലസതയിലും, മയക്കത്തിലും കിടക്കുന്ന അനേകർക്ക് സുബോധം വരുത്തുവാൻ ദൈവം ഈ വൈറസിനെ അയച്ചു. യോനാ. 1-ാം അദ്ധ്യായത്തിൽ യാത്രയും സംഭവങ്ങളും നമുക്കറിയാം. ദൈവത്തിനുവേണ്ടി ഓടേണ്ടവർ ദൈവസന്നിധിവിട്ട് ഓടിക്കളഞ്ഞത് തർശീശിലേക്കുള്ള ആ യാത്ര ദൈവഹിതമല്ലാത്ത യാത്രയായതുകൊണ്ട് കപ്പൽ തകരുവാൻ തുടങ്ങുന്നു. സകലരും ഭയവിഹ്വലരായി താന്താന്റെ ദൈവത്തെ വിളിക്കുകയാണ്. അപ്പോൾ ദൈവത്തിന്റെ പ്രവാചകനായ യോന യാതൊരു കൂസലുമില്ലാതെ കപ്പലിന്റെ അടിത്തട്ടിൽ പോയി കിടന്ന് സുഖമായി ഉറങ്ങുകയാണ്. പ്രിയ ദൈവമക്കളേ കോവിഡ് എന്ന മഹാമാരിയിൽ ലോകമാകുന്ന കപ്പലും മുങ്ങാൻ തുടങ്ങുകയാണ്. എന്നാൽ ഇന്നത്തെ ആത്മീയലോകത്തിലെ ചിലരെങ്കിലും സുഖസുഷുപ്തിയിലാണ്. യോഗങ്ങളും, മീറ്റിംഗുകളുമൊക്കെ ഇടയ്ക്കിടെ നടക്കുന്നുണ്ട്. എന്നാൽ വ്യക്തിപരമായി ഉറക്കത്തിലാണ്ടുപോയ ദൈവസഭ ആത്മീയ മണ്ഡലം അവിടെ നിന്ന് ഉണരേണ്ടിയിരിക്കുന്നു. ഇത് ആരുടെ നിമിത്തം ഈ അനർത്ഥം ഉണ്ടായി എന്ന് ചീട്ടിട്ടപ്പോൾ ചീട്ട് യോനായ്ക്ക് വീണു.

എന്നാൽ ഈ അനർത്ഥം (വൈറസ്) ലോകത്തിൽ ആരുടേയും കുറ്റംകൊണ്ടല്ല സംഭവിച്ചിരിക്കുന്നത്. ഇവിടെ ചീട്ട് ദൈവ

മക്കളായ നമ്മുടെമേൽ വീണിരിക്കുകയാണ്. തുടർന്ന് യോനായെ ചോദ്യംചെയ്തപ്പോൾ താൻ ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച ദൈവത്തെ സേവിക്കുന്നവനാണ് എന്നും താൻ ദൈവത്തെ അനുസരിക്കാതെ തന്റെ ഇഷ്ട പ്രകാരം പുറപ്പെട്ടവനാണെന്നും അവർക്ക് മനസ്സിലായി. എല്ലാവരും തങ്ങളുടെ ദൈവ ത്തോട് പ്രാർത്ഥിക്കുമ്പോൾ ഇവൻ മാത്രം ഉറങ്ങുന്നു. പിന്നീടുള്ള സംഭവങ്ങൾ നമുക്ക റിയാം. യോന കടലാനയുടെ വയറ്റിൽ കിടക്കു ന്നതും അയ്യം വിളിക്കുന്നതും, പ്രാർത്ഥന കഴി ക്കുന്നതും പിന്നീട് കരയിലേക്ക് എത്തിയതു മെല്ലാം. യോനാ നഗരത്തിൽ കടന്നു ആദ്യം ഒരു ദിവസത്തെ വഴി ചെന്നു പ്രസംഗിച്ചു. എന്നാൽ നാം ഇവിടെ ശ്രദ്ധിക്കേണ്ടതായ ഒരു കാര്യമുണ്ട്. യോനായുടെ പ്രസംഗം കേട്ട് 1,20,000 -ൽപരം ആളുകൾക്ക് മാനസാന്തരം ഉണ്ടാവുകയും ദൈവം ന്യായവിധി പിൻവലി ക്കുകയും ചെയ്തു. എന്നാൽ ജനത്തിന്റെ മാനസാന്തരം യോനായ്ക്ക് ഇഷ്ടപ്പെടാതെ താൻ ദൈവത്തോട് കോപിക്കുന്നതായി കാണുന്നു.

അങ്ങനെ യോനാ പോയി ഒരു ചെറിയ കുടിലുകെട്ടി സുഖമായി അതിന്റെ തണലിൽ ഇരിക്കുകയാണ്. എന്നാൽ ദൈവത്തിന് അവനോട് മനസ്സലിവ് തോന്നി. എനിക്കു വേണ്ടി പ്രസംഗിച്ചവനല്ലേ, ശുശ്രൂഷിച്ചവനല്ലേ. ഇവന്റെ ഈ അവസ്ഥയ്ക്ക് ഒരു വ്യത്യാസം വരുത്തിയേക്കാം. ഒരു ദേശത്തിന്റെ മാനസാ ന്തരത്തിന് ഉപയോഗിച്ചവനല്ലോ. സങ്കടത്തിൽ തണലായി ഇരിക്കേണ്ടതിന് ദൈവം ഒരു ആവണക്കിനെ മുളപ്പിച്ച് കുടിലിനുമുകളിൽ തണലാക്കി മാറ്റി. ഇനിയാണ് നമ്മുടെ പ്രതിപാദ്യ വിഷയത്തിലേക്ക് കടന്നു വരുന്നത് 6-ാം വാക്യത്തിന്റെ അവസാനത്തിൽ ആവ ണക്കു നിമിത്തം യോനാ അത്യന്തം സന്തോഷിച്ചു. എന്നാണ് നാം വായിക്കുന്നത്. ദേശത്തിന്റെ വിടുതൽ കണ്ടിട്ടല്ല യോന സന്തോഷിച്ചത് മറിച്ച് നശിച്ചുപോകുന്ന ആവണക്കു നിമിത്തമാണ് സന്തോഷിച്ചത്. പലപ്പോഴും ഇന്നത്തെ ആത്മീയലോകത്തിന്റെ സന്തോഷം സുവിശേഷത്തിന്റെ വ്യാപ്തി നിമിത്തം അല്ല. പെട്ടെന്ന് മുളച്ചു വന്ന ആവണക്കുകൾ നിമിത്തമാണ്. ഒന്നു വിശദ മാക്കിയാൽ ഇന്നലെയുണ്ടായിരുന്ന കുടിലുക ളുടെ സ്ഥാനത്ത് ഇന്ന് ദൈവത്തിന്റെ അനു ഗ്രഹങ്ങൾ നിമിത്തം മനോഹരമായ സൗധ ങ്ങൾ ലഭിച്ചു. എന്തുമാകട്ടെ ഇന്നു കാണുന്ന നന്മകൾ നിമിത്തമാണ് ദൈവമക്കളും, സഭാനേതാക്കളും ആത്മീയമണ്ഡലവും സന്തോഷിക്കുന്നത്. വാടിപ്പോകുന്ന തകരുന്ന വാരിക്കൂട്ടിയ സമ്പത്തുനിമിത്തം ആരും സന്തോഷിക്കരുത്.

പ്രിയ ദൈവമക്കളേ നാം അത്യന്തം സന്തോ ഷിക്കുന്ന സമ്പത്തിന്റെയും, പൊങ്ങച്ചത്തി ന്റെയും, ആഡംബരത്തിന്റെയും ആവണക്കു കൾ ഉണക്കുവാൻ ദൈവം അയച്ച പുഴുവാണ് ഈ വൈറസ് എന്ന് ചിന്തിക്കുന്നതിൽ കുഴപ്പ മില്ല. നമുക്ക് ഇങ്ങനെ ചിന്തിക്കാം ആവണ ക്കുകളിൽ സന്തോഷിക്കുന്നവന്റെ തലയിൽ സുബോധം മുളപ്പിക്കുവാൻവേണ്ടി ദൈവം അയച്ച പുഴുവാണ് ഈ വൈറസ്. ഇവിടെ ആവണക്ക് ഉണങ്ങിപ്പോയപ്പോൾ ആണ് യോനയ്ക്ക് സുബോധമുണ്ടായത്.

അതുപോലെ വിനത്തോടും, സൗമ്യത യോടും കൂടി ദൈവരാജ്യത്തിനുവേണ്ടി അദ്ധ്വാനിക്കേണ്ടവർ ആഡംബരത്തിന്റെ സുഖലോലുപതയിൽ ഉറങ്ങുമ്പോൾ ആവണ ക്കിനെ ദൈവം ഉണക്കിക്കളയുക തന്നെ ചെയ്യും. വിശ്വസിക്കണം അനുതാപത്തോടെ കരച്ചിലോടെ കൂടെയും ദൈവസന്നിധിയിൽ കടന്നുവരാം. ദൈവമക്കളേ, ദൈവം നല്കിയ നന്മകൾക്കായിട്ട് സ്തോത്രം ചെയ്യാം. ദൈവം തന്ന നന്മകളിൽ സന്തോഷിക്കാം. പക്ഷേ മേല്പറഞ്ഞ നശിച്ചുപോകുന്ന ആവണക്കു കളിൽ സന്തോഷിച്ച് കിടന്നുറങ്ങേണ്ടവരല്ല ദൈവമക്കൾ. ദൈവം നമ്മെ വിളിച്ചത് നശിച്ചുപോകുന്ന ആത്മാക്കളെ നേടുവാൻ വേണ്ടിയാണ്. പരസ്പരം മത്സരിച്ചും, ഭിന്നതകൾ ഉണ്ടാക്കിയും ദേശത്ത് തല കുനി ക്കാതെ ആവണക്കിന് അല്പായുസ്സ് മാത്ര മാണ് ഉള്ളത് എന്നു മനസ്സിലാക്കി ആത്മാ ക്കൾക്കുവേണ്ടി പ്രാർത്ഥിക്കാം. ദേശത്തിനു വേണ്ടി മുഴങ്കാൽ മടക്കാം. അതിനായി നമുക്ക് മടങ്ങിവരാം. ഈ വൈറസ് ദൈവം അയച്ചതാണ്. ദൈവമക്കൾക്ക് സുബോധം വരുത്തുവാൻ. വിനയത്തോടും ലളിതജീവിത ത്തോടും കൂടി അവന്റെ വരവിനായി ഒരുങ്ങി പ്രത്യാശയോടെ കാത്തിരിക്കാം. ദൈവനാമം മഹത്ത്വപ്പെടട്ടെ ആമേൻ. ❑

# യഹോവ കുനിഞ്ഞിരിക്കുന്നവരെ നിവിർത്തുന്നു (സങ്കീ.146:8)



ജോയമ്മ സാംസൺ, കൊല്ലം

**ദൈ**വാത്മാവു ഉള്ളിൽ വസിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ മന്ദിരം ആണ്. ആകയാൽ അവന്റെ നോട്ടം എപ്പോഴും സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവത്തിങ്കലേക്കായിരിക്കണം. ഉയരത്തിലുള്ളതു ചിന്തിക്കണം. അതിനു കഴിയണമെങ്കിൽ ആത്മീയ ദർശനമുണ്ടാകണം. ആത്മീയദർശനം നഷ്ടപ്പെട്ടു പോകുമ്പോഴാണ് ദൈവമുഖത്തേക്കു നോക്കുവാൻ കഴിയാതെ പോകുന്നത്. അപ്പോഴാണ് കുനിഞ്ഞിരിക്കേണ്ട അവസ്ഥ ഉണ്ടാകുന്നത്. തന്നിൽ ആശ്രയിക്കുന്നവരെ ഏതവസ്ഥയിലും നിവർത്തുവാൻ മതിയായവനാണ് നമ്മുടെ ദൈവം. കുനിഞ്ഞിരിക്കേണ്ട അവസ്ഥ നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതിനു പല കാരണങ്ങളുണ്ട്. അവയിൽ പ്രധാനം നമ്മുടെ പാപമാണ്. ''സംഖ്യയില്ലാത്ത അനർത്ഥങ്ങൾ എന്നെ ചുറ്റിയിരിക്കുന്നു; മേല്പോട്ടു നോക്കുവാൻ കഴിയാതവണ്ണം എന്റെ അകൃത്യങ്ങൾ എന്നെ എത്തിപ്പിടിച്ചിരിക്കുന്നു; ..... ഞാൻ ധൈര്യഹീനനായ് ത്തീർന്നിരിക്കുന്നു'' (സങ്കീ.40:12). അകൃത്യങ്ങളാണ് ഉയരത്തിലേക്കു നോക്കുവാൻ തടസ്സമായി നില്ക്കുന്നതെന്ന് ദൈവഭക്തനായ ദാവീദു രാജാവിന്റെ അഭിമതം.

എന്തെല്ലാമാണ് നമ്മുടെ അകൃത്യങ്ങൾ? കോപം, ക്രോധം, ഈർഷ്യ, ദുർഭാഷണം, നിഗളം, അഹന്ത, ദുർമ്മോഹം, ദ്രവ്യാഗ്രഹം, അസൂയ, പിണക്കം തുടങ്ങിയവയെ നമുക്കു അകൃത്യങ്ങളായി കണക്കാക്കാം. ഈ അകൃത്യങ്ങളെ നാം ക്ഷണിച്ചു വരുത്തുകയല്ല, അവ നമ്മെ എത്തിപ്പിടിക്കുകയാണ്. ഇവയൊക്കെ നമ്മെ ചുറ്റിപ്പിടിക്കുമ്പോൾ നാം ഈ അകൃത്യങ്ങളുടെ ഭാരത്താൽ കുനിഞ്ഞു പോകുന്നു; ധൈര്യം ചോർന്നു പോകുന്നു. കുനിഞ്ഞ അവസ്ഥയിലിരിക്കുന്ന ഒരു വ്യക്തിക്കു ലൗകിക കാഴ്ചപ്പാടു മാത്രമേ ലഭിക്കയുള്ളു. കാരണം അവൻ ലോകത്തിലുള്ളതു മാത്രമേ കാണുന്നുള്ളു. സ്വർഗ്ഗീയമായതു കാണണമെങ്കിൽ നിവരണം. നിവരണമെങ്കിൽ തന്റെ ഭാരങ്ങൾ ഇറക്കി വയ്ക്കണം. അതിന് ഒരു അത്താണി ആവശ്യമാണ്. നിന്റെ ഭാരങ്ങൾ എന്റെ മേൽ ഇട്ടുകൊൾക എന്നു പറഞ്ഞ കർത്താവാണ് നമ്മുടെ അത്താണി. കർത്താവിനോടു നമ്മുടെ പാപങ്ങൾ ഏറ്റു പറയാം. നമ്മുടെ ബന്ധനങ്ങളെ അഴിപ്പാൻ കർത്താവ് പ്രാപ്തനാണ്.

കൂനില്ലാതെ തന്നെ കുനിഞ്ഞു പോയവരെ നമുക്കു വിശ്വാസഗോളത്തിൽ തന്നെ കാണാൻ കഴിയും. രോഗത്താൽ കുനിഞ്ഞു പോയവർ, കടഭാരം കൊണ്ടു കുനിഞ്ഞു പോയവർ, പ്രിയപ്പെട്ടവരുടെ വേർപാടു കൊണ്ടു കുനിഞ്ഞു പോയവർ, മക്കളുടെ വഴിതെറ്റിയുള്ള ജീവിതം കൊണ്ടു കുനിഞ്ഞു പോയവർ, നിരാശ കൊണ്ടു കുനിഞ്ഞു പോയവർ ഇങ്ങനെ പലവിധമായ പ്രശ്നങ്ങളാണ് ഈ കൂനിനു കാരണം. പരിഹാരം യേശുവിൽ മാത്രം. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്താ.11:28) എന്നുള്ള ആഹ്വാനം കർത്താവിന്റെ പക്കൽ നിന്നു ലഭിക്കുന്നു.

പതിനെട്ടു സംവത്സരമായി രോഗാത്മാവു ബാധിച്ചിട്ടു ഒട്ടും നിവരുവാൻ കഴിയാതെ കൂനിയായോരു സ്ത്രീയെ യേശു കർത്താവു പള്ളിയിൽ വെച്ചു കാണുന്നു. യേശു അവളെ അടുക്കെ വിളിച്ചു. അവളുടെ

മേൽ കൈ വെച്ചു. അവളുടെ രോഗബന്ധനം അഴിഞ്ഞുപോയി. അവൾ ക്ഷണത്തിൽ നിവിർന്നു ദൈവത്തെ മഹത്ത്വപ്പെടുത്തി (ലൂക്കൊ.13:10-13). ഈ സ്ത്രീ കുനിഞ്ഞുപോകാൻ കാരണം അവളുടെ രോഗബന്ധനം ആയിരുന്നു. നിവിർന്നു നില്ക്കുവാനോ നടക്കുവാനോ അവൾക്കു കഴിഞ്ഞിരുന്നില്ല. എങ്കിലും അവൾ ബദ്ധപ്പെട്ടു ദൈവാലയത്തിൽ പോയിരുന്നു, തന്റെ സങ്കടം ദൈവത്തോടു പറയുവാൻ. ഇതു അവളുടെ പ്രാർത്ഥനാ ജീവിതത്തെ കാണിക്കുന്നു. പതിനെട്ടു സംവത്സരം തന്റെ വിടുതലിനായി ദൈവത്തോടു പ്രാർത്ഥിച്ചു കാണും. മടുത്തുപോകാതെ പ്രാർത്ഥിപ്പിൻ എന്ന ദൈവവചനം അവളിൽ നിറവേറപ്പെടുകയാണ്. തന്റെ രോഗബന്ധനം അഴിഞ്ഞുപോയപ്പോൾ അവൾ ആദ്യം ചെയ്തത് — "അവൾ ക്ഷണത്തിൽ നിവിർന്നു ദൈവത്തെ മഹത്ത്വപ്പെടുത്തി" (ലൂക്കൊ.13:13).

ഇതിൽനിന്നു നമുക്കു ലഭിക്കുന്ന പാഠമെന്ത്? നമ്മെ അലട്ടുന്ന സകല പ്രശ്നങ്ങളും ദൈവത്തെ അറിയിക്കണം. ദൈവം നിശ്ചയമായും നമ്മുടെ പ്രാർത്ഥന കേൾക്കും. അതിനു ഉത്തരം നല്കും. അപ്രകാരം ദൈവത്തിൽ നിന്നു ലഭിക്കുന്ന ചെറുതും വലുതുമായ സകല ദാനങ്ങൾക്കും നാം ദൈവത്തെ മഹത്ത്വപ്പെടുത്തണം. എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു (സങ്കീ.103:2,3). അവൾ യേശുകർത്താവിനെ തേടിപ്പോയതല്ല. കർത്താവു അവളെ തേടി വരികയായിരുന്നു. രോഗത്തെ ശാസിക്കുകയല്ല അവളെ തൊട്ടു സൗഖ്യമാക്കുകയായിരുന്നു. യേശുവിന്റെ സ്പർശനം അവൾക്കാവശ്യമായിരുന്നു. നമ്മുടെ ഓരോരുത്തരുടെയും ബലഹീനത മനസ്സിലാക്കി നമ്മെ ആശ്വസിപ്പിച്ചു തലോടി സഹായിക്കുന്ന ദൈവമാണ് നമ്മുടെ ദൈവം.

പന്ത്രണ്ടു സംവത്സരമായി രക്തസ്രവം എന്ന രോഗബാധയാൽ ആരെയും അഭിമുഖീകരിക്കുവാൻ കഴിയാതെ നമ്രശിരസ്കയായി കഴിഞ്ഞ മറ്റൊരു സ്ത്രീയെക്കുറിച്ചു ദൈവവചനം രേഖപ്പെടുത്തുന്നു (ലൂക്കൊ.8:43-48). ന്യായപ്രമാണപ്രകാരം അശുദ്ധവും കഠിനവുമായ രോഗം ബാധിച്ചവൾ. അവളുടെ ധനമെല്ലാം വൈദ്യന്മാർക്കു കൊടുത്തിട്ടും ആരാലും സൗഖ്യം വരുത്തുവാൻ കഴിഞ്ഞില്ല. ഏറ്റവും പരവശയായിത്തീർന്ന അവൾ ഒടുവിൽ നല്ല വൈദ്യനെ കണ്ടെത്തി; രക്ഷകനായ യേശു. മനുഷ്യൻ പൂർണ്ണമായി പരാജയപ്പെടുന്ന സാഹചര്യത്തിൽ ദൈവം പ്രവർത്തിക്കുന്നു. പണത്തിനോ വൈദ്യനോ തന്നെ സഹായിപ്പാൻ കഴികയില്ല എന്നു അവൾ മനസ്സിലാക്കി. ക്രിസ്തുയേശുവിൽ അവൾ പൂർണ്ണമായി വിശ്വാസം അർപ്പിച്ചു. അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ എങ്കിലും തൊട്ടാൽ അവൾക്കു സൗഖ്യം വരുമെന്നു അവൾ വിശ്വസിച്ചു; ഹൃദയത്തിൽ നിന്നും ഉത്ഭവിച്ച വിശ്വാസം. അതിനാൽ അവൾ രഹസ്യമായി യേശുവിനെ അനുഗമിച്ചു. ആരും കാണാതെ യേശുവിന്റെ വസ്ത്രാഗ്രം തൊട്ടു. തന്നിൽനിന്നു ശക്തി പുറപ്പെട്ടത് യേശു അറിഞ്ഞു. ക്ഷണത്തിൽ അവളുടെ ബാധ മാറി. തനിക്കു പൂർണ്ണ സൗഖ്യം ലഭിച്ചുവെന്നു അവൾ അറിഞ്ഞു. എന്നാൽ ആരും അറിയാതെ മറഞ്ഞിരിക്കുവാൻ അവൾ ശ്രമിച്ചു. എന്നെ തൊട്ടത് ആര് എന്ന യേശുവിന്റെ ചോദ്യത്തിനു മുമ്പിൽ അവൾ ഭയപ്പെട്ടുപോയി. അവൾ സത്യാവസ്ഥ വെളിപ്പെടുത്തി. "മകളേ നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോക" എന്ന യേശുകർത്താവിന്റെ ആശ്വാസ വചനം അവളെ സാന്ത്വനപ്പെടുത്തി.

ഇന്നത്തെ വിശ്വാസികളിൽ പലരുടെയും ജീവിതം ഇതുമായി തുലനം ചെയ്യാം. അനേകർ കർത്താവിനെ തൊടുന്നുണ്ട്. പക്ഷേ കർത്താവ് അറിയുന്നില്ല. കാരണം കർത്താവിലുള്ള അവരുടെ വിശ്വാസമില്ലായ്മയാണ്. വിശ്വാസികൾ എന്ന അഭിമാനം പലർക്കുമുണ്ടെങ്കിലും അവരിൽ പലരും അനുദിനജീവിതത്തിൽ കർത്താവിനെ തൊടാത്തവരാണ്. യഥാർത്ഥമായി ഒരുവൻ കർത്താവിനെ വിശ്വാസത്തോടെ തൊട്ടാൽ അവൻ ശുദ്ധിയുള്ളവ

നായിത്തീരും. പിന്നെ അവന് അശുദ്ധിയിലേക്കു തിരിയുവാൻ സാധിക്കയില്ല.

ഇന്നു പലരും രക്തസ്രവക്കാരി സ്ത്രീയെപ്പോലെ മറ്റൊരിടത്തും രക്ഷയില്ല എന്നു കാണുമ്പോൾ ദൈവത്തിൽ ആശ്രയിക്കുന്നവരല്ലേ? കാര്യം സാധിച്ചു കഴിയുമ്പോൾ തനിക്കു ലഭിച്ച നന്മ രഹസ്യമായി സൂക്ഷിക്കുവാൻ ശ്രമിക്കും. എന്നാൽ ദൈവം നമ്മെപ്പെറ്റി അതല്ല ആഗ്രഹിക്കുന്നത്. നാം ക്രിസ്തുവിന്റെ സാക്ഷികൾ ആകണം. 'മകളേ' എന്നുള്ള വിളി കേൾക്കണം. ദൈവസമാധാനം പ്രാപിക്കണം. നാം മനസ്സിലാക്കേണ്ട മറ്റൊരു കാര്യം തന്നിൽ ആശ്രയിക്കുന്നവരെ ദൈവം ഒരുനാളും തള്ളിക്കളകയില്ല; ഉപേക്ഷിക്കയുമില്ല. അതുമാത്രമല്ല ദൈവം തന്റെ ജനത്തെ താങ്ങുന്നു, നിവിർത്തുന്നു, ആശ്വസിപ്പിക്കുന്നു. തന്റെ പ്രിയപ്പെട്ടവർ അധോമുഖരായിരിക്കുമ്പോൾ അവരെ നിശ്ചയമായി ഉയർത്തുകയും ബലപ്പെടുത്തുകയും ചെയ്യും.

നാം കണ്ട രണ്ടു സ്ത്രീകളും രോഗബാധയാൽ വലഞ്ഞവരാണ്. ഒരുവൾ ശാരീരികമായി കുനിഞ്ഞുപോയവൾ, മറ്റേവൾ മാനസികമായി കുനിഞ്ഞുപോയവൾ. രണ്ടിനും പരിഹാരം ദൈവത്തിൽ മാത്രം. പ്രിയമുള്ളവരേ, നമ്മുടെ പാപങ്ങൾ രക്താംബരംപോലെ കടും ചുവപ്പായിരുന്നാലും ഹിമം പോലെ വെളുപ്പിക്കുവാൻ കഴിവുള്ളവനാണു നമ്മുടെ കർത്താവ്. അതുകൊണ്ട് ദൈവത്തോടു പാപങ്ങളെ ഏറ്റുപറയുക, ഭാരങ്ങൾ കർത്താവിന്റെ മേൽ ഇട്ടുകൊൾക, കർത്താവിൽ ആശ്രയിക്കുക. പ്രയാസം എന്തുമാകട്ടെ അതു യേശുവിനോടു നമുക്കു പറയാം. തന്റെ ജീവൻ തന്നു നമ്മെ രക്ഷിച്ചവൻ നമ്മെ ഒരുനാളും കൈവിടുകയില്ല. നമ്മുടേതിന്നു മാത്രമല്ല, നമുക്കു ചുറ്റുമുള്ള അനേകരുടെ ബന്ധനങ്ങൾ അഴിയുന്നതിനു വേണ്ടിയും നമുക്കു അവരുമായി ദൈവസന്നിധിയിലേക്കു അടുത്തു ചെല്ലാം. അവർക്കുവേണ്ടി ഇടിവിൽ നില്ക്കാം, പ്രാർത്ഥിക്കാം. ദൈവം എന്റെ ബന്ധനങ്ങളെ അഴിച്ചിരിക്കുന്നു. അതുകൊണ്ടു രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും എന്നു സങ്കീർത്തനക്കാരനോടു ചേർന്നു നമുക്കും പറയാം. ❑

---

***5-ാം പേജിൽ നിന്നും തുടർച്ച (കർത്താവിനോടുകൂടെ സഞ്ചരിച്ചിരുന്നവർ)***

യായ മനുഷ്യനെന്നു തിരിച്ചറിഞ്ഞ അവനു കർത്താവിന്റെ മഹത്ത്വവും ഗ്രഹിക്കുവാൻ പ്രയാസമുണ്ടായില്ല. കർത്താവിന്റെ മഹത്ത്വവും തന്റെ ജീവിതത്തിലും തൊഴിലിലും അവിടുത്തെ ഇടപെടലും ഗ്രഹിച്ച ശീമോനു ദൈവഹിതത്തിനു വിധേയപ്പെടുന്നതിനും അനുസരണം കാണിക്കുന്നതിനും പ്രയാസമുണ്ടായില്ല.

സ്വയം തിരിച്ചറിയുന്നതാണ് ദൈവമഹത്ത്വം ഗ്രഹിക്കുന്നതിനു അനിവാര്യമായിട്ടുള്ളത്. യേശുവിന്റെ ഔന്നത്യം ഗ്രഹിച്ചപ്പോൾ തന്റെ നിസ്സാരത്വം കൂടെ അവൻ ഗ്രഹിച്ചു. ദൈവാശ്രയം വർദ്ധിക്കുന്നതിനും ദൈവഹിതത്തിനു വിധേയപ്പെടുന്നതിനും ദൈവമഹത്ത്വം ഗ്രഹിച്ചെങ്കിലേ കഴിയൂ. സ്വന്ത മഹത്ത്വവും സാമർത്ഥ്യവും സ്ഥാനമാനങ്ങളും സ്വഭാവമഹിമയുമൊക്കെയാണ് മാറ്റുരച്ചു നോക്കി തങ്ങളെത്തന്നെ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരെന്നു എണ്ണുന്നവർക്കു ദൈവമഹത്ത്വം ഗ്രഹിക്കാനാവില്ല. അങ്ങനെയുള്ളവരെ തന്റെ ശുശ്രൂഷകൾക്കായി പ്രയോജനപ്പെടുത്തുവാൻ കർത്താവിനും കഴിയുകയില്ല. നാം തകർക്കപ്പെടുന്നതുവരെയും ബലഹീനരെന്നു സ്വയം തിരിച്ചറിയുന്നതുവരെയും ദൈവത്തിൽ ആശ്രയിക്കുവാനും കഴികയില്ല. ദൈവത്തിൽ ആശ്രയിക്കയും തന്റെ അമിതബലത്തിൽ ശക്തിപ്പെടുകയും ചെയ്യുന്നവർക്കല്ലാതെ കർത്താവിനോടുകൂടെ സഞ്ചരിക്കുവാനും കഴികയില്ല. അതെ, നമുക്കും സ്വയം തിരിച്ചറിയാം. ദൈവത്തിന്റെ അമിതബലത്തിൽ ധൈര്യപ്പെടാം. അവനോടുകൂടെ നടക്കാം. ദൈവം കൃപ നല്കട്ടെ. ❑

# എല്ലാറ്റിലും വിശ്വസ്തർ

സാറാമ്മ ശശി, കവിയൂർ



ജീവിതത്തിൽ നാം ഏർപ്പെടുന്ന ഏതു മേഖലകളിലും ദൈവത്തോടും മനുഷ്യരോടും നമുക്കുള്ള കടമകൾ (കടപ്പാടുകൾ) കൃത്യതയോടും, ആത്മാർത്ഥതയോടും സത്യസന്ധതയോടും നിർവ്വഹിക്കുന്ന മാനസിക മനോഭാവത്തെ വിശ്വസ്തതയെന്നു വ്യക്തമാക്കാം. ഇത് വളരെ ഗൗരവമേറിയതും എല്ലാവരിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്നതുമാണ്. ഇന്ന് മനുഷ്യരിൽ മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന വിഷയങ്ങളിലൊന്നാണിത്.

പാപപങ്കിലമായ ലോകത്തിൽ ജീവിക്കുന്ന ദൈവമക്കളുടെ അതിപ്രധാനപ്പെട്ട കർത്തവ്യമാണ് നാം ഏർപ്പെടുന്ന ഏതു സാഹചര്യങ്ങളിലും വിശ്വസ്തരായിരിക്കുകയെന്നുള്ളത്. "വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നുവെന്ന്" സങ്കീ 12: 1 ൽ കാണുന്നു. എന്നാൽ നമ്മുടെ വീണ്ടെടുപ്പുകാരൻ വിശ്വസ്തനാകയാൽ നാം വിശ്വസ്തരായിരിക്കണം 2 തിമൊ. 2:13. കൂടാതെ സങ്കീ. 85:11 ൽ വിശ്വസ്തത ഭൂമിയിൽ നിന്നു മുളയ്ക്കുന്നതാകയാൽ നമ്മുടെ ജനനസമയംമുതൽ ഇവിടെയായിരിക്കുന്ന കാലം മുഴുവനും വിശ്വസ്തരായിരിക്കണം അഥവാ മരണപര്യന്തം വിശ്വസ്തരായിരിക്കയെന്നാണ് വെളി. 2:10 കാണുന്നത്, പിന്നെയും ഗലാ: 5:22, 23, ആത്മാവിന്റെ ഫലത്തിൽ നാം നമ്മോടും മറ്റുള്ളവരോടും പാലിക്കേണ്ട അതിശ്രേഷ്ഠമായ ഒന്നാണ് വിശ്വസ്തത. തുടർന്ന് തീത്തൊ. 2:10 ൽ എതിർ പറകയോ വഞ്ചിച്ചെടുക്കുകയോ ചെയ്യാതെ സകലത്തിലും നല്ല വിശ്വസ്തത കാണിക്കുന്നവരുമായി ഇരിപ്പാൻ കല്പിക്കയെന്നാകയാൽ ഇത് പരിശുദ്ധാത്മാവിന്റെ കല്പനയാണ്. ഈ കല്പന അനുസരിപ്പാൻ നാം ബാദ്ധ്യസ്ഥരാണ്. വിശ്വസ്തരെയാണ് ദൈവിക ശുശ്രൂഷയ്ക്കായി ഉപയോഗിക്കുന്നതെന്ന് അപ്പൊ. പൗലൊസിന്റെ വാക്കുകളിൽ വ്യക്തമായി മനസ്സിലാക്കാ. 1 തിമൊ. 1 : 12 എനിക്കു ശക്തി നല്കിയ ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവ് എന്നെ വിശ്വസ്തൻ എന്നു എണ്ണി ശുശ്രൂഷയ്ക്ക് ആക്കിയെന്നാണ്.

അതുകൊണ്ട് നാം ചെയ്യുന്ന ഏതു ശുശ്രൂഷയിലും വിശ്വസ്തരായിരിക്കണം. 1 തിമൊ. 3:11 "അവ്വണ്ണം സ്ത്രീകളും ഘനശാലികളായി, ഏഷണിപറയാതെ നിർമ്മദമാരും എല്ലാറ്റിലും വിശ്വസ്തമാരുമായിരിക്കേണം" ഈ വാക്യം പ്രത്യേകമായി സ്ത്രീകളോടുള്ള മുന്നറിയിപ്പായിട്ടാണെന്ന് മനസ്സിലാക്കാം. സ്ത്രീകളിലുണ്ടായിരിക്കണ്ട 4 ഗുണങ്ങൾ ഇവിടെ ശ്രദ്ധേയമാണ്.

1) ഘനശാലികൾ (കാര്യപ്രാപ്തിയുള്ളവൾ) 2) ഏഷണി പറയാത്തവർ (നുണ പറയാത്തവർ) 3) നിർമദമാർ (ഗർവ്വമില്ലാത്തവർ, വിനയമുള്ളവർ) 4) വിശ്വസ്തമാർ (കളങ്കമില്ലാത്തവർ, സത്യസന്ധർ) എന്നും കാണുന്നു. മേലുദ്ധരിച്ച 3 കാര്യങ്ങൾ കൃത്യമായി പാലിക്കുന്ന വ്യക്തിക്ക് എല്ലാ മേഖലകളിലും വിശ്വസ്തരായിരിപ്പാൻ സാധിക്കും. കൂടാതെ ദൈവത്തിലും അവന്റെ വചനത്തിലും ആശ്രയിക്കുന്ന വ്യക്തിയുടെ ജീവിതത്തിലുണ്ടാകുന്ന രൂപാന്തരമാണ് വിശ്വസ്തത 1 കൊരി 4:2.

ഇന്നു നാം ചുറ്റുപാടുകളിലേക്കു നോക്കിയാൽ അഹങ്കാരം പ്രവർത്തിച്ചതിന്റെ ഫലമായി അനവധി നുണകൾ പറഞ്ഞ് അതിൽ നിന്നും രക്ഷപ്പെടുവാൻ കഴിയാതെ സമ്മർദ്ദങ്ങൾക്കടിമയായി അവിശ്വസ്തരായി ജീവിക്കുന്ന നിരവധി സ്ത്രീകളെ സമൂഹത്തിൽ നമുക്കു കാണുവാൻ സാധിക്കും. എന്നാൽ ഇതിൽ നിന്നും വിഭിന്നരായ ക്രിസ്തീയ വനിതകൾ പ്രധാനമായും ഏതൊക്കെ തലത്തിൽ വിശ്വസ്തരായിരിക്കണമെന്ന് തിരുവചനാടിസ്ഥാനത്തിൽ ചിന്തിക്കാം.

**1. വ്യക്തിപരമായ ജീവിതത്തിൽ :** അപ്പൊ. പ്രവൃ 16:15 ൽ ലുദിയയുടെ വാക്കുകൾ ശ്രദ്ധേയമാണ്. നിങ്ങൾ എന്നെ കർത്താവിൽ വിശ്വസ്ത എന്ന് എണ്ണിയിരിക്കുന്നുവെങ്കിൽ എന്നു പറയുമ്പോൾ അവൾ യോഹ. 1: 12 ൽ പറയുന്ന പ്രകാരം അവനിൽ വിശ്വസിച്ച് ദൈവമക്കളായിത്തീരുന്നതിലും റോമ. 6:3 കാണുന്ന വചനപ്രകാരം അവന്റെ കല്പന അനുസരിച്ച് കർത്താവിന്റെ മരണ അടക്ക പുനരുത്ഥാനത്തിൽ പങ്കാളിയാകുന്നതിലും വിശ്വസ്തയായിരുന്നത് മാതൃകാപരമാണ്. പ്രിയ വായനക്കാരിൽ ആരെങ്കിലും വ്യക്തിപരമായി ഈ അവസ്ഥയിലേക്ക് (രക്ഷിക്കപ്പെട്ടിട്ടില്ലാ) വന്നിട്ടില്ലായെങ്കിൽ 1 യോഹ 1:7 ൽ അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നതാകയാൽ അവനിൽ വിശ്വസിച്ച് റോമ. 10:9 ൽ യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ ഉയിർത്തെഴുന്നേല്പിച്ചുവെന്ന് ഹൃദയംകൊണ്ട് വിശ്വസിച്ച് രക്ഷിക്കപ്പെട്ട്, അവന്റെ കല്പന അനുസരിച്ച് സ്നാനം ഏല്കുന്നതിലും ലുദിയായെപ്പോലെ വിശ്വസ്തരാകുകയും ചെയ്യാം. കൂടാതെ കോവിഡ് 19 ന്റെയും മറ്റുപലവിധ വൈറസുകളുടെയും ഈ മഹാമാരിക്കാലത്ത് വ്യക്തിശുചിത്വവും പരിസര ശുചിത്വവും പാലിച്ച് റോമ. 13:1,2 ൽ കാണുന്നതുപോലെ ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങി, നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് (അനുസരിച്ച്) അധികാരികളോടു മറുക്കാതെ ദൈവ വ്യവസ്ഥയും കീഴ്പ്പെട്ടിരിക്കുന്നതിലും (വിധേയപ്പെടുന്നത്) നമുക്ക് വിശ്വസ്തരാകാം. അതിനായി ദൈവം കൃപ നല്കുമാറാകട്ടെ.

**2. കുടുംബത്തിൽ :-** കുടുംബ രൂപീകരണത്തിൽ സ്ത്രീകൾക്കുള്ള ഉത്തരവാദിത്വവും ശുശ്രൂഷയും വളരെ വിലപ്പെട്ടതാണ്. എന്നാൽ സ്ത്രീ സമത്വവാദികൾ പലരും ഇത് അവഗണിക്കുന്ന കാലമാണ്. സങ്കീ 128: 3 ൽ നിന്റെ ഭാര്യ നിന്റെ വീട്ടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളിയാകുന്നുവെന്നു പറയുമ്പോൾ അവിടെ ലഭിക്കുന്ന അനുഗ്രഹങ്ങൾ തുടർന്നുള്ള ഭാഗങ്ങളിൽ വ്യക്തമാണ്. സദൃശ. 31:10 മുതലുള്ള ഭാഗങ്ങൾ പഠിക്കുമ്പോൾ സാമർത്ഥ്യമുള്ള ഭാര്യയിലുണ്ടായിരിക്കേണ്ട യോഗ്യതകൾ മനസ്സിലാക്കാം. സാമർത്ഥ്യമുള്ള ഭാര്യയുടെ വില മുത്തുകളിലും ഏറും എന്നതാണ്. കൂടാതെ 29 -ാം വാക്യത്തിൽ ലോകപ്രകാരമുള്ള സാമർത്ഥ്യം കാണിച്ചവരെക്കാൾ ശ്രേഷ്ഠയാണ്. എന്താണു നമ്മുടെ ശ്രേഷ്ഠത: 1 പത്രൊ. 2:9 നിങ്ങളോ അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുത പ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും, വിശുദ്ധവംശവും, സ്വന്ത ജനവുമാണ്. ഹാ എത്ര ശ്രേഷ്ഠമായ പദവിയാണ്. ലോകപ്രകാരമുള്ള സ്ത്രീകൾ സാമർത്ഥ്യം കാണിച്ച് വലിയ വിപത്തിൽപ്പെടുന്നത് നാം മനസ്സിലാക്കുമ്പോൾ നാം അവരിൽ നിന്നു വ്യത്യസ്തരായിരിക്കേണ്ടതാണ്. സദൃശ. 31:11. ഭർത്താവിനോട് അവിശ്വസ്തത കാണിക്കാതെ തന്റെ ഹൃദയം അവളെ വിശ്വസിക്കത്തക്കവിധം പ്രവർത്തിക്കാം. ഇതുപോലെ നമ്മുടെ ഭവനത്തിലും ആത്മമണവാളനായ ക്രിസ്തുവിനു വേണ്ടി പ്രവർത്തിക്കുന്നതിലും വിശ്വസ്തരാകാം. മത്താ. 25:21-23.

**3. പ്രാർത്ഥനാ ജീവിതത്തിൽ.** 1 ശമുവേൽ 1:2 ഹന്നായെപ്പോലെ പ്രാർത്ഥനയ്ക്ക് കുടുംബത്തിൽ വലിയ പ്രാധാന്യമുണ്ട്. അതിന്റെ നിലനില്പു തന്നെ പ്രാർത്ഥനയിലൂടെയാണ് സാദ്ധ്യമാകുന്നത്. 2 തിമൊ 1:5 ൽ തലമുറകൾക്കായി വിശ്വാസം പങ്കുവെയ്ക്കുന്നതിൽ വലിയമ്മ ലോവീസിലും അമ്മ യൂനിക്കയിലുമുണ്ടായിരുന്ന വിശ്വാസം തിമൊഥെയോസിലേക്കു പകർന്നതുമൂലം ഏറിയ ശുശ്രൂഷകൾ ചെയ്യുവാൻ ദൈവം തന്നെ ഉപയോഗിച്ചു. ഇപ്രകാരം നമ്മിലുള്ള വിശ്വാസം തലമുറകളിലേക്ക് പകർന്നു കൊടുക്കുന്നതിൽ നമുക്കു വിശ്വസ്തരാകാം. സങ്കീ. 71:18, 78:4.

**4. അതിഥി സൽക്കാരത്തിൽ:** ഇതിന് ഭവനത്തിൽ വലിയ പങ്കുണ്ട്. അതിനു ചുമതലപ്പെട്ടവരാണ് കുടുംബിനികൾ. വിശ്വാസികളുടെ മാതാവായ സാറാ അതിഥികളായ ദൂതന്മാരെ സൽക്കരിച്ചതിന്റെ ഫലമായി ദൈവിക വാഗ്ദത്തം അവളിലൂടെ നിറവേറി. ഉത്പ 18:6, 2 രാജാ 4:8-11 ശൂനേംകാരത്തി പ്രവാചകനെ ശുശ്രൂഷിച്ചു തലമുറ ലഭിച്ചു. ലൂക്കൊ. 10:38. മാർത്ത യേശുവിനെയും ശിഷ്യന്മാരെയും ശുശ്രൂഷിച്ചതിന്റെ ഫലമായി യേശു ഭവനത്തിന്റെ സ്നേഹിതനായി. തന്റെ സഹോദരനെ മരണത്തിൽ നിന്നും ഉയർപ്പിനാൽ തിരികെ ലഭിച്ചു. ആകയാൽ സഹോദരിമാരായ നാം മറക്കാതെ ചെയ്യേണ്ട ശുശ്രൂഷയാകയാൽ അതിൽ വിശ്വസ്തരാകാം. എബ്രാ. 13:1.

**5. ദേശത്തിൽ:** ദേശത്ത് വിശ്വസ്തരായിരിക്കുകയെന്നുള്ളത് ഒരു വിശ്വാസിയുടെ കർത്തവ്യമാണ്. സങ്കീ. 37:3 ൽ യഹോവയിൽ ആശ്രയിക്കുന്നവർ ദേശത്ത് പാർത്ത് വിശ്വസ്തരായിരിക്കണമെന്നു കാണുന്നു. സങ്കീ. 101:6 ദേശത്തിലെ വിശ്വസ്തന്മാരോടു ചേർന്നു വസിക്കണമെങ്കിൽ റോമർ 12:2ൽ പറയുന്നതുപോലെ ഈ ലോകത്തിന് അനുരൂപരാകാതെ 1-ാം സങ്കീർത്തനത്തിൽ കാണുന്ന പ്രകാരം വേർപാടു ജീവിതം നയിക്കുന്നവരായിരിക്കണം. കർത്താവിനെക്കുറിച്ച് സാക്ഷിക്കുന്നതിൽ ശമര്യസ്ത്രീയെപ്പോലെ രക്ഷിക്കപ്പെട്ട നിമിഷം മുതൽ വിശ്വസ്തരായി തുടരേണ്ടതാണ്. യോഹ. 4:29, 39.


2 തിമൊ. 2:2 സമർത്ഥരായ വിശ്വസ്ത മനുഷ്യരെയാണ് മറ്റുള്ളവരെ ഉപദേശിപ്പാൻ ഭരമേല്പിച്ചിരിക്കുന്നത്. അതിൽ നമുക്കു പങ്കാളികളാകാം. അപ്പൊ. 9:36 ൽ സൽപ്രവൃത്തിയിൽ തബീഥയെപ്പോലെ പ്രവർത്തിക്കാം. സൽപ്രവൃത്തി സ്ത്രീകളുടെ അലങ്കാരമാണ്. 1 തിമൊ. 2:10, തീത്തൊ. 2:7. ദേശത്തിനുവേണ്ടി പോരാടി പ്രാർത്ഥിക്കുന്നതിൽ എസ്ഥേറിനെപ്പോലെ പ്രതികൂല സാഹചര്യങ്ങളിൽ തീരുമാനശക്തിയിലുറച്ച് ഉപവാസത്തോടും പ്രാർത്ഥനയോടും കാര്യം സാധിച്ചത് നമുക്ക് മാതൃകയാക്കാം. എസ്ഥേർ. 4:16. ഇപ്രകാരം ദേശത്തിനുവേണ്ടി പ്രാർത്ഥനയിൽ പോരാടാം. 2 ദിന. 7:13,14. സകല അധികാരസ്ഥന്മാർക്കും വേണ്ടി പ്രാർത്ഥിക്കാം. 1 തിമൊ. 2:1,2.

**6. സഭയിൽ :-** എബ്രാ. 10:24, 25 വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാകയാൽ ചിലർ ചെയ്യുന്നതുപോലെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തിക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾവിൻ എന്നാണ്. ആകയാൽ ആത്മീയ കൂടിവരവുകളിലും കൂട്ടായ്മബന്ധത്തിലും വചനം പഠിക്കുന്നതിലും കർത്താവിന്റെ പാദപീഠത്തിലിരുന്ന മറിയയെപ്പോലെ നമുക്കും വിശ്വസ്തരാകാം. ലൂക്കൊ. 10:39, ശുശ്രൂഷയിൽ റോമ. 16:1 ഫേബ വിശുദ്ധന്മാർക്കു യോഗ്യമാംവണ്ണം സഹായം ചെയ്ത് ശുശ്രൂഷിച്ചു. റോമർ 16:4 അക്വിലാവും പ്രിസ്കില്ലായും കുടുംബമായി പൗലൊസിന്റെ കൂട്ടുവേലക്കാരായി പ്രവർത്തിക്കുന്നതിൽ വിശ്വസ്തരായിരുന്നു. ദൈവവേലയ്ക്കായി ചെലവിടുന്നതിൽ, അപ്പൊ. 5-ൽ കാണുന്ന അനന്യാസിനെയും

*ശേഷം 24-ാം പേജിൽ*

# ബേഥാന്യയിലെ മറിയയുടെ തൈലാഭിഷേകം

ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം



മർക്കൊ. 14:3-9 വരെയുള്ള വാക്യശകലങ്ങൾ ചിന്തിച്ചപ്പോൾ സമാനമായ പല തൈലാഭിഷേകങ്ങളും ഓർമ്മയിലെത്തി. അവ മത്താ. 26:6-13, ലൂക്കൊസ് 7:36-50, യോഹ. 12:2-8. വിവിധ അപ്പൊസ്തലന്മാർ രേഖപ്പെടുത്തിയിരിക്കുന്ന ഇവയെല്ലാം ഒരേ സംഭവം തന്നെയോ എന്നു ചിന്തിക്കാൻ സാധ്യതയുള്ളതുകൊണ്ട് കൂടുതൽ വിശദീകരണം അനിവാര്യമാണ്. മത്തായി, മർക്കൊസ്, യോഹന്നാൻ ഈ എഴുത്തുകാർ ഒരേ സംഭവത്തെയാണു രേഖപ്പെടുത്തിയിരിക്കുന്നതെങ്കിൽ ലൂക്കൊസ് 7:36-38 വാക്യങ്ങളിൽ വ്യത്യസ്തപശ്ചാത്തലമുള്ള ഒരു വ്യക്തിയായ മറിയയുടെ തൈലാഭിഷേകത്തെയാണു പ്രതിപാദിച്ചിരിക്കുന്നത്. ഇത് മഗ്ദലക്കാരത്തി മറിയ ആയിരുന്നുവെന്നു ചിലർ അഭിപ്രായപ്പെടുന്നു. ആ മറിയയും പരിമളതൈലം പൂശിയിട്ടുണ്ട്. ഇതിനോടു സമാനതയുള്ള ഒരു തൈലാഭിഷേകമാണ് ഇതരസുവിശേഷങ്ങളിൽ കാണുന്നത്. പക്ഷേ രണ്ടും രണ്ടു വ്യക്തികൾ, രണ്ടു വ്യത്യസ്ത സന്ദർഭങ്ങളിൽ എന്നുമാത്രമല്ല, രണ്ടു വ്യത്യസ്ത പ്രവിശ്യകളിൽ- ഒന്ന് വടക്ക് ഗലീലയിലും മറ്റേത് തെക്ക് യഹൂദ്യയിലും. രണ്ടു സംഭവങ്ങളിലും ശിമോന്മാരും മറിയമാരും ഉൾപ്പെട്ടിരിക്കുന്നതുകൊണ്ട് ഇതെല്ലാം ഒരു വീട്ടിൽ നടന്നതാണെന്ന് നിഗമനത്തിലെത്താൻ തിടുക്കം കൂട്ടരുത്. കാരണം, ശിമോൻ, മറിയ ഇത്യാദി പേരുകൾ ഇസ്രയേലിൽ സർവസാധാരണമായിരുന്നു.

വേദപുസ്തകത്തിൽ കുറഞ്ഞത് 6 മറിയമാരെങ്കിലും ഉണ്ട്. (ചിലർ 7 എന്നും അഭിപ്രായപ്പെടുന്നു. അതു വിശകലനം ചെയ്കയല്ല എന്റെ ഉദ്ദേശ്യം). സാഹചര്യത്തെളിവുകളും ആന്തരികതെളിവുകളും ബേഥാന്യയിലെ മറിയയ്ക്കു അനുകൂലം. മരിച്ച സഹോദരൻ ലാസറിനെ ഉയിർപ്പിച്ചതിന്റെ നന്ദിപ്രകടനമാകാൻ സാധ്യതയുണ്ട്. (യോഹ. 12:2, 3, 11:2)

ലോകത്തിൽ എങ്ങും, ഈ സുവിശേഷം പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും (മത്തായി 26:13) എന്നു നമ്മുടെ കർത്താവു പറഞ്ഞ മറിയ എന്താണു ചെയ്തതെന്നു നോക്കാം. ഒരു റാത്തൽ വിലയേറിയ സ്വച്ഛജടാമാംസി പരിമളതൈലം അവൾ കർത്താവിന്റെ തലയിലും(മത്തായി, മർക്കൊസ്) കാലിലും(യോഹന്നാൻ) പൂശി, തന്റെ തലമുടികൊണ്ട് യേശുവിന്റെ കാൽ തുവർത്തി. അതാണ് അവൾ ചെയ്തതതും അവളുടെ ഓർമ്മയ്ക്കായി ലോകമെങ്ങും പ്രസ്താവിക്കപ്പെടുന്നതുമായ പ്രവൃത്തി.

ഹിമാലയ പർവ്വത സാനുക്കളിൽ മാത്രം വളരുന്ന ജടാമാഞ്ചി (ശാസ്ത്രീയനാമം: Nardostachys jatamansi)എന്ന ചെടിയുടെ വേരിൽ നിന്നും തണ്ടിൽ നിന്നും വാറ്റിയെടുക്കുന്ന വിലയേറിയ സുഗന്ധതൈലം. ഇംഗ്ലീഷിൽ സ്പൈക്കനാർഡ് എന്നറിയപ്പെടുന്നു. വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത സുഗന്ധതൈലമായതുകൊണ്ട് വിലയേറുമെന്നതിനു സംശയമില്ല. അതു സൂക്ഷിച്ചിരുന്ന വെൺകൽ ഭരണിയാകട്ടെ, ഈജിപ്തിൽ നിർമ്മിച്ച നീണ്ട കഴുത്തുള്ള മാർബിൾ ഭര

ണിയും. തൈലം വിദേശനിർമ്മിതം; കുപ്പിയും അതുപോലെ തന്നെ. എഴുത്തുകാരിൽ രണ്ടു പേർ വിലയും പറഞ്ഞിട്ടുണ്ട് (മർക്കൊസും യോഹന്നാനും)ഒരു വർഷത്തെ വേതനമായ 300-ലധികം വെള്ളിക്കാശ്!

ശിഷ്യന്മാരിലൊരുവനായ യൂദാ ആകെ അസ്വസ്ഥനാണ്. മുന്നൂറിലധികം വെള്ളിക്കാശിനു ആ തൈലം വിറ്റിരുന്നുവെങ്കിൽ, തനിക്കൊരു വീടും വയലുമൊക്കെ സ്വന്തമാക്കാമായിരുന്നു. ബേഥാന്യയിലെ കനത്ത നഷ്ടം നികത്താനെന്നോണം യൂദാ ഗുരുവിനെ മുപ്പതു വെള്ളിക്കാശിനു വില്ക്കുന്നു. ഒരുവശത്ത് വളരെ ചെലവുചെയ്ത് ഗുരുവിനെ ആരാധിക്കുമ്പോൾ മറുവശത്ത് ഗുരുവിനെ വിറ്റ് കാശുണ്ടാക്കാൻ മതമേധാവികളുമായി അരുമ ശിഷ്യൻ കരാറുണ്ടാക്കുന്നു. ഒരു വശത്ത് ആരാധന, മറുവശത്ത് ഒറ്റിക്കൊടുക്കൽ. എന്തൊരു വിരോധാഭാസം!

ഈ കഥാഭാഗത്ത് 3 പ്രധാനകഥാപാത്രങ്ങൾ- മറിയ, യൂദാ, യേശുക്രിസ്തു- ഉണ്ടെങ്കിലും നമ്മുടെ അവിഭക്തശ്രദ്ധ മറിയയിലാണു കേന്ദ്രീകരിച്ചിരിക്കുന്നത്. വേദപുസ്തകത്തിൽ 3 പ്രാവശ്യമേ ഈ മറിയയെ കാണുന്നുള്ളു.

1. ലൂക്കൊ.- 10:38-42 വാക്യങ്ങളിൽ കർത്താവിന്റെ കാല്ക്കൽ ഇരുന്നു വചനം പഠിക്കുന്ന മറിയ.
2. യോഹ. 11: 28-32 കർത്താവിന്റെ കാല്ക്കൽ വീണു വിലപിക്കുന്ന മറിയ.
3. യോഹ. 12:3 ൽ വിലയേറിയ സുഗന്ധ തൈലം കർത്താവിന്റെ കാലിൽ പൂശുന്ന മറിയ.

3 പ്രാവശ്യവും ബേഥാന്യയിലെ മറിയയെ ഒരേ സ്ഥാനത്താണു നാം കാണുന്നത്: കർത്താവിന്റെ പാദാന്തികേ. കുഷ്ഠരോഗിയായിരുന്നു സൗഖ്യം പ്രാപിച്ച ശിമോന്റെ വീട്ടിലെ വിരുന്നിൽ ബേഥാന്യയിലെ മറിയയാണു തൈലാഭിഷേകം നിർവഹിച്ചതെന്നു അവളുടെ പേർ അവിടെ എടുത്തു പറഞ്ഞില്ലെന്നിരുന്നാലും സാഹചര്യത്തെളിവുകളാൽ സ്ഥിരീകരിക്കാവുന്നതാണ്.

ബേഥാന്യയിലെ മറിയ വലിയ ആത്മീയതീക്ഷ്ണതയുള്ള ഒരു വനിതയാണ്; അവൾ കർത്താവിന്റെ കാല്ക്കൽ- ഇരുന്ന് വചനം ശ്രവിച്ച് അനുഗൃഹീതയായി. രണ്ടാമത്തെ സന്ദർഭത്തിൽ കർത്താവിന്റെ പാദാന്തികേ തന്റെ ഹൃദയഭാരം ഇറക്കി വയ്ക്കുന്ന മറിയയെയാണു നാം കാണുന്നതെങ്കിൽ ഒടുവിലായി തന്റെ വിലയേറിയതെല്ലാം കർത്താവിന്റെ പാദാന്തികേ അർപ്പിക്കുന്ന മറിയയെയാണു നാം കാണുന്നത്. കർത്താവിന്റെ മരണശേഷം അവനെ സുഗന്ധവർഗ്ഗം പൂശുവാൻ അവൾക്കു അവസരം ലഭിക്കയില്ലെന്നു അവൾക്കു അറിയാമായിരുന്നു. സന്തതസഹചാരികളായ സ്വശിഷ്യന്മാരെക്കാൾ കർത്താവിന്റെ ദൗത്യവും ദൂതും ശരിയായി ഗ്രഹിച്ച ഒരു വ്യക്തിയാണ് മറിയ. എറ്റവും വിലപ്പെട്ട തൈലം നല്കിയതും പോരാഞ്ഞിട്ട്, അവളുടെ മഹിമയായ മുടിയും അവൾ കർത്താവിനു സമർപ്പിക്കുന്നു. അവളുടെ തലമുടി കൊണ്ട് അവൾ കർത്താവിന്റെ കാലുകൾ തുവർത്തി. എത്ര അനുകരണീയമായ മാതൃക!

പുരുഷവേഷമണിഞ്ഞ് പുരുഷന്മാരെപ്പോലെ മുടി ക്രോപ്പുചെയ്ത് നടക്കുന്ന അത്യാധുനികവനിതകൾക്കു ബേഥാന്യയിലെ മറിയ എങ്ങനെയാണു മാതൃകയാവുക? ബൈബിൾ അനുസരിച്ച് നീണ്ടമുടി സ്ത്രീക്കു മാനം ആണ്(1 കൊരി. 11:15). മുടി ബോബു ചെയ്യുന്നവർക്കു എന്തു വിശദീകരണമാണു നല്കാനുള്ളത്? ഓ, അതു കൾച്ചറൽ ആണ്; കൊരിന്തിലെ സ്ത്രീകളോടു മാത്രമുള്ള ഉപദേശമാണ് എന്നൊക്കെ പറയുന്നവർ ധാരാളം. ഒന്നാമത്, കൊരിന്തിലെ സ്ത്രീകൾക്കു മാത്രമല്ല, ലോകത്തിലെ സകല സ്ത്രീകൾക്കും പുരുഷന്മാരിൽനിന്നും വ്യത്യസ്തമായി നീണ്ടമുടിയുണ്ടാകത്തക്കവിധമാണ് ദൈവം സ്ത്രീയെ സൃഷ്ടിച്ചിരിക്കുന്നത്.

അഥവാ, കൾച്ചറൽ ആണെന്നിരുന്നാൽതന്നെ, ഭാരതസ്ത്രീകളെ സംബന്ധിച്ചിടത്തോളം സ്ത്രീക്കു നീണ്ടമുടി എന്ന തത്ത്വം പരമ്പരാഗതമായി, ആർഷഭാരതസംസ്കാരത്തിന്റെ അവിഭാജ്യഘടകമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒന്നാണ്. നമ്മുടെ മുൻതലമുറകളിലെ മാന്യവനിതകൾ അക്കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നു. പഴയ ഫാമിലിഫോട്ടോകൾ അതിന്റെ അനിഷേധ്യതെളിവുകളായി അവശേഷിക്കുന്നു. നമ്മൾ വേദപുസ്തകതത്ത്വങ്ങളെ അംഗീകരിക്കുവാനും അനുഷ്ഠിക്കുവാനും വിമുഖതകാട്ടുമ്പോൾ നമ്മുടെ അമാതൃകാപരമായ കാലടികളെ വരുംതലമുറ പിൻതുടരുമെന്നുള്ളതിനു രണ്ടു പക്ഷമില്ല. കൊരിന്തിലെ വനിതകൾ മാത്രമല്ല മലയാളിമങ്കമാരും നമ്മുടെ സംസ്കാരത്തെ വികലമാക്കുന്ന പ്രവണതകളെ മാതൃകയാക്കാതെ, നീണ്ടമുടിയുടെ ഉടമകളായിരിക്കുന്നതാണ് നമ്മുടെ സമൂഹത്തിൽ മാതൃകയും മാന്യതയും. സ്ത്രീകൾ മുടി നീട്ടുന്നത് ഒരു ഉപദേശവിഷയമല്ലെന്നു വാദിച്ചേക്കാം. പക്ഷേ, വനിതകൾക്കു അവരുടെ നീണ്ടമുടി മാനമെന്ന് ബൈബിൾ പ്രസ്താവിക്കുമ്പോൾ നമ്മുടെ സഹോദരിമാർ സമൂഹമദ്ധ്യേ ആ മാന്യത പുലർത്തുന്നത് നമ്മുടെ സാക്ഷ്യം സംരക്ഷിക്കുവാനും ദൈവനാമം മഹത്ത്വപ്പെടുവാനും ഇടയാകുമെന്നുള്ളതിനു സംശയമില്ല. നമ്മുടെ മെട്രോകളിലെ ചില ന്യൂജെൻ സഭകളിൽ ആരാധിക്കുന്ന വനിതകളിൽ പലരും വൈദേശികവനിതകളെ അനുകരിച്ച് സഭായോഗങ്ങളിൽ ശിരോവസ്ത്രം അണിയാത്തതിനെ ഭാരതസ്ത്രീകൾ മാതൃകയാക്കാൻ പാടില്ല. ജാതിമതഭേദമെന്യേ, പ്രാദേശികവ്യത്യാസമെന്യേ ഭാരതത്തിലെ വനിതകൾ പുരുഷന്മാരുടെ സാന്നിധ്യത്തിൽ ശിരോവസ്ത്രം ധരിക്കുന്നത് സർവ്വസാധാരണമായ കാഴ്ചയായിരിക്കെ, ആരാധനായോഗങ്ങളിൽ പങ്കെടുക്കുന്ന, ക്രൈസ്തവർ എന്നഭിമാനിക്കുന്ന സ്ത്രീകൾ വിശിഷ്യ, വിധേയത്വമനോഭാവത്തിന്റെ പ്രതീകമായ ശിരോവസ്ത്രം ധരിക്കുന്നതിൽ വിമുഖതകാണിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. സ്ത്രീ മൂടുപടം ഇടാതെ ദൈവത്തോടു പ്രാർത്ഥിക്കുന്നതു യോഗ്യമോ? (1 കൊരി. 11:13).

ബേഥാന്യയിലെ മറിയ കർത്താവിനെ സമീപിച്ച എല്ലാ സന്ദർഭങ്ങളിലും വിമർശനശരങ്ങളും അവളുടെ നേരേ തൊടുത്തുവിടുന്നതു കാണാവുന്നതാണ്. അവൾ കർത്താവിന്റെ പാദാന്തികെ പഠിക്കാനിരുന്നപ്പോൾ സ്വന്തം സഹോദരിക്കായിരുന്നു പരാതി. കർത്താവിനോടു ആവലാതി പറയാൻ ചെന്നപ്പോൾ അയൽവാസികൾക്കായിരുന്നു പരാതിയെങ്കിൽ അരുമനാഥനെ ഹൃദയംഗമായി ആരാധിച്ചപ്പോൾ കർത്താവിന്റെ ശിഷ്യന്മാരാണു അവൾക്കെതിരേ വിമർശനശരങ്ങൾ തൊടുത്തുവിട്ടത്! നമ്മുടെ ജീവിതത്തിലും, യേശുകർത്താവിനു നാം മുഖ്യസ്ഥാനം കൊടുക്കുമ്പോൾ, നാം കർത്താവിനു വേണ്ടി വേലചെയ്യുമ്പോൾ, കർത്താവിനോടു കൂടെ നടക്കുന്നവർ എന്നഭിമാനിക്കുന്നവർ തന്നെയാവും നമ്മെ തെറ്റിദ്ധരിക്കുന്നതും വിമർശിക്കുന്നതും, ഒരുപക്ഷേ ചെളിവാരിയെറിയുന്നതും തദ്വാരാ നമ്മെ നിരുത്സാഹപ്പെടുത്തുന്നതും നിഷ്ക്രിയരാക്കുന്നതും എന്നു ഓർക്കുക.

എന്നാൽ, മറിയയുടെ ആത്മാർത്ഥമായ ആരാധന കർത്താവിനെ ആഹ്ളാദഭരിതനാക്കി. തന്നെ അനുധാവനം ചെയ്യുന്നവരാൽ വിമർശനത്തിനു വിധേയയായ മറിയയുടെ സത്പ്രവൃത്തിയെ നമ്മുടെ കർത്താവു ന്യായീകരിക്കുന്നതു ശ്രദ്ധിക്കുക. അവളുടെ പ്രവൃത്തിയാൽ ആ ഭവനം സുഗന്ധപൂരിതമാക്കപ്പെട്ടു. മാത്രവുമല്ല, ലോകമെങ്ങുമുള്ള വിശ്വാസികൾക്ക് അവൾ ഒരു നല്ല മാതൃകയുമായി. അവളുടെ ഭക്തി നമ്മെയും കർത്താവിനെ ആത്മാർത്ഥമായി സ്നേഹിക്കുവാനും ഏറ്റവും വിലയേറിയത് സമർപ്പിക്കുവാനും പ്രേരിപ്പിക്കുന്നില്ലേ?

വടക്കേഇൻഡ്യയിലെ ഒരു ഗ്രാമത്തിൽ കൂടി സഞ്ചരിച്ച ഒരു വിദേശിയുടെ കഥ കേട്ടിട്ടുണ്ട്. നദിയുടെ മുകളിലൂടെയുള്ള പാലത്തിൽ അദ്ദേഹം ഒരു യുവതിയെയും അവരുടെ രണ്ടുമക്കളെയും കണ്ടു. അതിൽ ഒരു കുട്ടി സുമുഖനും അരോഗദൃഢഗാത്രനും ആയിരുന്നെങ്കിൽ മറ്റേ കുട്ടി കൃശഗാത്രനും രോഗിയും ആയിരുന്നു. കുറേ സമയത്തിനുശേഷം വിദേശി ആ വഴി മടങ്ങിവന്നപ്പോൾ താൻ മുമ്പേകണ്ട സ്ത്രീയെ വീണ്ടും കണ്ടു. അപ്പോൾ ഒരു കുട്ടിമാത്രമേ അവരോടൊപ്പം ഉണ്ടായിരുന്നുള്ളു. മറ്റേ കുട്ടിക്കു എന്തു സംഭവിച്ചുവെന്നറിയാൻ അദ്ദേഹം ഉത്കണ്ഠ പ്രകടിപ്പിച്ചപ്പോൾ, എന്റെ ഈ കട്ടിയുടെ രോഗ കാരണം ദൈവകോപമാണ്. കോപിച്ചിരിക്കുന്ന എന്റെ ദൈവത്തെ പ്രസാദിപ്പിക്കാൻ വേണ്ടി ആരോഗ്യമുള്ള കുഞ്ഞിനെ ഞാൻ നദിയിൽ എറിഞ്ഞു എന്നവർ പ്രതിവചിച്ചു. ദൈവത്തെ പ്രസാദിപ്പിക്കാൻ രണ്ടിൽ ഒരു കുഞ്ഞിനെ നദിയിൽ എറിഞ്ഞാൽ അത് ആ വിദേശിക്കു ഗ്രഹിക്കാൻ കഴിയുമെങ്കിലും നല്ല ആരോഗ്യമുള്ള കുഞ്ഞിനെ എന്തിനു കൊല്ലണം, രോഗിയായ കുഞ്ഞിനെ നദിയിൽ എറിഞ്ഞാൽ പോരായിരുന്നുവോ എന്നായി വിദേശിയുടെ ചോദ്യം. ആ ഗ്രാമീണയുവതി, അദ്ദേഹത്തിന്റെ മുഖത്തേക്കു തുറിച്ചുനോക്കിക്കൊണ്ടു പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: "ഹേ മിസ്റ്റർ, എറ്റവും നല്ലതിനെയാണ് എന്റെ ദൈവത്തിന് ആവശ്യം."

മൂത്ത മോള് ബയോളജിയിൽ മിടുമിടുക്കി; അവളെ ഡോക്ടറാക്കാൻ കോടികൾ മുടക്കും. രണ്ടാമൻ ഫിസിക്സിലും മാത്സിലും ബഹുസമർത്ഥൻ. അവനെ എൻജിനിയർ ആക്കും. മൂന്നാമൻ പഠിക്കാൻ അത്ര മിടുക്കനൊന്നുമല്ല. അവനെ ബൈബിൾ സ്കൂളിൽ വിട്ടു പഠിപ്പിച്ച് ഉപദേശിയാക്കുന്ന സംസ്കാരത്തിൽ മുകളിൽ വായിച്ച കഥ തികച്ചും അവിശ്വസനീയമായിത്തോന്നാം! ബേഥാന്യയിലെ മറിയയും ഇരുപത്തൊന്നാം നൂറ്റാണ്ടിൽ അനുകരിക്കാൻ അത്ര കൊള്ളാവുന്ന ഒരു കഥാപാത്രമായി സ്വീകരിക്കുവാൻ അനേകർക്കും പ്രയാസമായിരിക്കും. പക്ഷേ, ഒരു യാഥാർത്ഥ്യം അവശേഷിക്കുന്നു. ഏറ്റവും ശ്രേഷ്ഠവും ഉത്തമവും ആയതിനെയാണു നാം ദൈവത്തിനു നല്കേണ്ടത്. ആയകാലം മുഴുവനും അന്യരാജ്യങ്ങളിലോ അയൽസംസ്ഥാനങ്ങളിലോ ജോലിചെയ്ത് ആവുന്നിടത്തോളം സമ്പാദിച്ച് ചോരയും നീരും വറ്റിക്കഴിയുമ്പോൾ കർത്താവിന്റെ വേലയ്ക്ക് ഇറങ്ങിത്തിരിക്കാതെ ഏറ്റവും ആരോഗ്യമുള്ളപ്പോൾ, സമാകർഷകമായ ആദായമാർഗ്ഗമുപേക്ഷിച്ച് ശിഷ്ടായുസ്സ് കർത്താവിനായി സമർപ്പിക്കുക. കർത്താവിനു ടിപ്പു കൊടുക്കാതെ ബേഥാന്യയിലെ മറിയയെപ്പോലെ നമുക്കു വിലപ്പെട്ടവ കർത്താവിനു നല്കുക. ആയിരത്തഞ്ഞൂറു ശമ്പളം കിട്ടുമ്പോൾ നൂറ്റമ്പതു കർത്താവിനു കൊടുക്കാൻ മടിയില്ല പക്ഷേ, ശമ്പളം പതിനയ്യായിരമാകുമ്പോൾ അതിന്റെ ദശാംശം മുഴുവനും കൊടുക്കാൻ എന്തൊരു മടിയാണ്! ദൈവത്തിനു അത്രേം വലിയ തുക എങ്ങനെയാണു കൊടുക്കുന്നത്? ഇതൊക്കെ അല്പം പ്രയാസമുള്ള കാര്യങ്ങളാണ്. പക്ഷേ, ഒന്നു പരീക്ഷിച്ചു നോക്കൂ. എന്നാൽ മാത്രമേ, അതെത്ര ആത്മസംതൃപ്തിയുളവാക്കുമെന്നു മനസ്സിലാകയുള്ളു. "ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു, സ്ഥലം പോരാതെവരുവോളം നിങ്ങളുടെമേൽ അനുഗ്രഹം പകരുകയില്ലയോ?" (മലാഖി 3:10).

കർത്താവിനുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ ആഗ്രഹിക്കുന്നവർ അതു നാളെത്തേക്കു മാറ്റി വയ്ക്കരുത്. അവസരം കിട്ടിയില്ലെന്നു വരാം; രക്ഷിക്കപ്പെടാത്തവർ രക്ഷിക്കപ്പെടാനും. ദൈവനാമമഹത്ത്വത്തിനു തകുന്ന ചില തീരുമാനങ്ങൾ എടുക്കുവാനും ദൈവം പ്രിയ വായനക്കാർ ഏവരെയും സഹായിക്കട്ടെ. ❑

# ജയിലുകൾ കുറ്റകൃത്യങ്ങളുടെ പാഠശാലയാകരുത്



ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം

ബസ് രണ്ടുപ്രാവശ്യം ബ്രേക്ക് ഡൗണായി. പതിനൊന്ന് മണിക്ക് എത്തേണ്ട ജയിലിൽ എത്തിയപ്പോൾ സമയം നാലുമണി. മെയ് മാസത്തിലെ ചൂടുസമയത്തായിരുന്നു യാത്ര. നന്നേ ക്ഷീണിച്ചാണ് ജയിലിൽ എത്തിയത്. ചെന്നപ്പോൾ ആദ്യമുണ്ടായ അനുഭവം ഒരു ഇരുത്തലായിരുന്നു. അതാ നില്ക്കുന്നു ഗോപാലൻ എന്ന യുവാവ്. കൂട്ടത്തിൽ വറുഗീസും. സാറ് ഇവിടെയും എത്തിയോ എന്ന ചോദ്യം മുഖത്ത് പ്രതിഫലിപ്പിക്കുന്ന ഭാവമായിരുന്നു അവരുടേത്. ഒരു മാസം മുമ്പ് അവരെ ഇരുവരെയും വേറൊരു ജയിലിൽ കണ്ടതാണ്. അന്നത്തെ അവരുടെ പ്രതികരണം തികച്ചും ആശാജനകമായിരുന്നു. പിന്നെന്തേ ഇവർ വീണ്ടും ഈ ജയിലിൽ. പുതിയ വല്ല കുറ്റവുമുണ്ടോ, അതോ പഴയതുവല്ലതുമാണോ? ഗോപാലനും വറുഗീസും കിച്ചൺ ഡ്യൂട്ടിയിലായിരുന്നതിനാൽ തടവുകാരോട് സംസാരിക്കുന്ന സമയത്ത് അവർക്ക് വരുവാൻ കഴിഞ്ഞില്ല. ജയിലിൽവച്ച് മാനസാന്തരത്തിലേക്ക് വന്ന ജോണി എന്ന പ്രിയ സഹോദരൻ എന്റെ കൂടെ ഉണ്ടായിരുന്നു. അദ്ദേഹമാണ് തന്റെ അനുഭവം ആദ്യമായി വിവരിച്ചത്. അത് തടവുകാർ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ജോണി ഇങ്ങനെ തുടർന്നു:

**ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ "തടവുകാരെ തേടി" എന്ന പുസ്തകത്തിൽ നിന്നും**

"ഇവിടെ ഇരിക്കുന്നവരിൽ കുറഞ്ഞ പക്ഷം 10-14 പേർക്കെങ്കിലും എന്നെ അറിയാം. എനിക്ക് ആ മുഖങ്ങൾ നന്നായിട്ടറിയാം. നാം ഒന്നിച്ച് ഒരേ ജയിലിൽ കിടന്നവരാണ്. ഒന്നിച്ച് ഭക്ഷണം കഴിച്ച്, ഒന്നിച്ച് ജോലി ചെയ്തു. ഒന്നിച്ച് ലൈൻ നിന്നു, ഒന്നിച്ച് പലതും പ്ലാൻ ചെയ്തു. ഉറങ്ങുന്ന സമയത്ത് മാത്രമേ നാം വിവിധ അറകളിലായിരുന്നുള്ളൂ. നിങ്ങളെ പിന്നെയും ഇതിനകത്ത് തന്നെ കാണുന്നതിൽ എനിക്ക് ഖേദമുണ്ട്. നിങ്ങളുടെ വേദനയും ദുഃഖവും ആശങ്കയും എനിക്കറിയാം. കാരണം ഞാൻ ഇരുമ്പഴിക്കുള്ളിൽ 5 വർഷം കിടന്നവനാണ്. ഇവിടെ നമുക്ക് ഭക്ഷണം ഉണ്ട്, വസ്ത്രം ഉണ്ട്. നമുക്ക് രോഗം വന്നാൽ ഡോക്ടറുണ്ട്. വായിക്കുവാൻ പത്രമുണ്ട്. നോക്കുവാൻ സർക്കാർ ഉദ്യോഗസ്ഥന്മാരുണ്ട്. കിടക്കാൻ സ്ഥലമുണ്ട്. പക്ഷേ ഞാൻ ഇതിനുള്ളിൽ സന്തോഷവാനായിരുന്നില്ല. ഞാൻ നീറിയാണ് ഇവിടെ കഴിഞ്ഞത്. കാട്ടുമൃഗങ്ങളെ കാഴ്ചബംഗ്ലാവിലിട്ടടച്ച അനുഭവമാണല്ലോ എനിക്ക് എന്ന് ഞാനോർത്തു. ഞാൻ ഇവിടെ കിടന്നുകൊണ്ട് എന്നെത്തന്നെ ശപിച്ചു. മരിച്ചാൽ മതി എന്നാശിച്ചിട്ടുണ്ട്. പക്ഷേ ഇതിനകത്ത് അതും സാധിക്കയില്ല. ഞാൻ സമൂഹത്തെ പഴിച്ചു. എന്നെ അവർ അംഗീകരിക്കുന്നില്ല, ഉൾക്കൊള്ളുന്നില്ല എന്നോർത്ത് അവരെ ശപിക്കയും ചെയ്തു. ഞാൻ എന്റെ മതത്തെ വെറുത്തു. അത് എന്നെ നന്നാക്കിയില്ലല്ലോ എന്നു പറഞ്ഞ് കരഞ്ഞു. മതങ്ങളേ, നിങ്ങളെല്ലാം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന് ഉരുവിട്ടു, ഏറ്റുചൊല്ലി, പോലീസിനെ ഞാൻ കുറ്റം പറഞ്ഞു. എന്തിന് നമ്മെ ഒക്കെ പിടിച്ച് അകത്താക്കുന്നു. സംശയമാണെന്നു പറഞ്ഞ് നമ്മെ ഒക്കെ പിടിക്കുന്നു, സാക്ഷാൽ നാം കുറ്റക്കാരാണെന്ന് നമുക്കറിയാം. എന്തിന് പോലീസ്, എന്തിനു കോടതി, എന്തിനു നിയമം എന്നെല്ലാം ഞാൻ ചോദിച്ചു, എന്നോടുതന്നെ. മറുപടിയില്ലാത്ത ചോദ്യങ്ങൾ.

ഞാൻ എന്റെ മാതാപിതാക്കളെയായി പിന്നെ പഴിക്കൽ. എന്തിനവർ ഈ ശപിക്കപ്പെട്ട ഭൂമിയിലേക്ക് എനിക്കു ജന്മം നല്കി. ഞാൻ ജനിക്കാതിരുന്നുവെങ്കിൽ, ജനിച്ച ഉടനെ മരിച്ചുവെങ്കിൽ! അതൊന്നും നടക്കില്ല, ഇനി ഇവിടെ ത്തന്നെ. എല്ലാം തീർന്നപ്പോൾ മുഷ്ടി മേലോട്ടായി. ദൈവം, അങ്ങനെ ഒരാളുണ്ടെങ്കിൽ എന്തിനീ ഭൂമിയിലേക്ക് നീ ഞങ്ങളെ അയച്ചു. ചിലർ ഇവിടെ സുഖിക്കുന്നു. ചിലർ കരയുന്നു, ചിലർ ധനികന്മാർ, ചിലർ ദരിദ്രന്മാർ. തകർക്കണം, നശിപ്പിക്കണം എന്ന വാസന എന്നിൽ രൂപം കൊള്ളാൻ തുടങ്ങി. ജയിലിൽ നിന്നിറങ്ങിയാൽ ഉടനെ ആത്മഹത്യ ചെയ്യാം എന്നു കരുതി. പാടില്ല, അതു ഭീരുത്വത്തിന്റെ ലക്ഷണമാണല്ലോ. അങ്ങനെ അന്നൊരു ദിവസം ഒരു പരിപാടി - ഒരു ഗാനമേളയും ഫിലിം പ്രദർശനവും ജയിലിനുള്ളിലുണ്ടെന്നറിഞ്ഞു. ഞങ്ങൾ ദിവസങ്ങൾ എണ്ണിക്കഴിഞ്ഞു.

അതൊരു ശനിയാഴ്ചയായിരുന്നു. സമയം ആറുമണിയായി വൈകിട്ട്, ഞങ്ങളെല്ലാവരും വൈകിട്ടത്തെ ഗാനമേളയ്ക്കും ഫിലിം ഷോയ്ക്കും ആർത്തിയോടെ ഇരുന്നു. അന്ന് 800 പേർ ജയിലിൽ ഉണ്ടായിരുന്നു. റാന്തൽ വിളക്കുമായി വാർഡന്മാർ ചുറ്റും ഉണ്ടായിരുന്നു. ഞാൻ മുകളിലേക്കു നോക്കി. നീലാകാശം. നക്ഷത്രങ്ങൾ മിന്നുന്നു. ഇതുപോലെ വല്ല പരിപാടിയും നടക്കുമ്പോഴാണ് ഞങ്ങൾക്ക് നക്ഷത്രങ്ങളെ കാണാൻ കഴിയുന്നത്. ഏഴുമണിയായപ്പോൾ ആദ്യത്തെ പാട്ടുകേട്ടു. അതിലെ ചില വരികൾ ഞാനോർക്കുന്നു:

“ആരുമില്ല നീയൊഴികെ
ചാരുവാനൊരാൾ
പാരിലെൻ പ്രിയാ
നീറിനീറി ഖേദങ്ങൾ മൂലം
എരിയുന്ന മാനസം നിൻ തിരുമാറിൽ
ചാരുമ്പോഴല്ലാതാശ്വസിക്കുമോ?”

ആ പാട്ട് എനിക്ക് വലിയ ആശ്വാസമായിരുന്നു. ഞാനും നീറുന്ന ഹൃദയത്തിന്റെ ഉടമയായിരുന്നു. അന്ന് കുഞ്ഞുമോൻ ചാക്കോ സാറ് പ്രസംഗിച്ചത് ക്രിസ്തുവിന്റെ ക്രൂശിലെ മരണം മനുഷ്യന്റെ പാപപരിഹാരത്തിനായി ദൈവം അംഗീകരിച്ച ബലിയാകുന്നുവെന്നും മനുഷ്യന്റെ ഏതു പാപത്തിനും പരിഹാരം അവിടെ മാത്രമാണെന്നും ആയിരുന്നു. ഞാനതു വിശ്വസിച്ചു, അംഗീകരിച്ചു. പാപങ്ങളെ ദൈവത്തോട് ഏറ്റു പറഞ്ഞു. ദൈവം അത് ക്ഷമിച്ചു എന്നുള്ള ഉറപ്പും ലഭിച്ചു. തുടർന്ന് ജീസസ് എന്ന ഫിലിം പ്രദർശനവും ഉണ്ടായിരുന്നു. അന്നു രാത്രി ഞാനൊരു പുതിയ മനുഷ്യനായിത്തീർന്നു. സ്നേഹിതരേ, നിങ്ങൾ എല്ലാവർക്കും ഈ അനുഭവത്തിലേക്ക് വരാം. യേശുക്രിസ്തു നമ്മെ എല്ലാവരെയും സ്നേഹിക്കുന്നു. എന്റെ ജീവിതം ക്രമപ്പെടുത്തുവാൻ ദൈവം സഹായിച്ചു എങ്കിൽ എന്നോളം അധഃപതിക്കാത്ത നിങ്ങളുടെ ജീവിതം തീർച്ചയായും ക്രമപ്പെടുത്താം. ദൈവം സഹായിക്കും, വഴി തെറ്റിപ്പോയെന്ന് സമ്മതിക്കുക. പുതിയ വഴിയിലേക്ക് തിരിക്കുക. പുതിയ വഴിയേ സഞ്ചരിക്കുക. വഴി ഏതാണ്? വഴി ആരാണ്? ക്രിസ്തുദേവൻ പറഞ്ഞു: “ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു”. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ”

ജോണി നിർത്തിയപ്പോൾ തടവുകാരെല്ലാം കൈയടിച്ചു പ്രോത്സാഹിപ്പിച്ചു, കൃതജ്ഞത രേഖപ്പെടുത്തി.

ഞാൻ ഗോപാലനെയും വറുഗീസിനെയും കിച്ചണിൽ പോയി കണ്ടു. അവരുടെ കഥ കേൾക്കേണ്ടതാണ്. അതാണ് ഈ അദ്ധ്യായത്തിന്റെ പ്രതിപാദ്യം. 12 വർഷങ്ങളായി അവർ സ്നേഹിതന്മാരാണ്. സർട്ടിഫൈഡ് സ്കൂളിൽ തിരുവനന്തപുരം ഭാഗത്തുനിന്നും ഗോപാലനും തൃശൂർ ഭാഗത്തുനിന്നും വറുഗീസും വന്നുചേർന്നു. സ്വഭാവസംസ്കരണത്തിനായുള്ള ഗവൺമെന്റ് സ്ഥാപനമാണ്. 18 വയസ്സിൽ താഴെയുള്ള കുറ്റവാളികളെ ഇവിടെ കൊണ്ടുവരുന്നു. വളരെ പണം ചെലവു ചെയ്ത് സർക്കാർ നടത്തുന്ന സ്ഥാപനമാണിത്. തൊഴിലഭ്യസിക്കുവാൻ സൗകര്യമുണ്ട്. പരിചയസമ്പന്നരായ അദ്ധ്യാപകരുണ്ട്. നല്ല ഭക്ഷണവും താമസസൗകര്യവും നല്കുന്നു. കളിക്കാൻ വേണ്ട സൗകര്യങ്ങളുമുണ്ട്. പക്ഷേ അവിടെനിന്നും ഇറങ്ങുന്ന ചില കുട്ടികളെ

അധികം താമസിയാതെ സബ്ജയിലുകളിൽ കാണാം. സദാചാരം പഠിപ്പിക്കുന്നതിൽ അദ്ധ്യാപകർ വിജയിക്കാഞ്ഞിട്ടോ വിദ്യാർത്ഥികൾ പരാജയപ്പെട്ടിട്ടോ എന്ന് ഞാൻ അറിയുന്നില്ല. വിദ്യാർത്ഥികൾ തമ്മിൽ അനുഭവജ്ഞാനവും പരിചയവും പങ്കുവയ്ക്കുകയും ഗണ്യമായ പാടവം മോഷണമെന്ന വൃത്തിയിൽ നേടുകയും ചെയ്യുന്നുണ്ടിവിടെ എന്നത് നഗ്നസത്യമാണ്. അങ്ങനെ ഗോപാലനും വറുഗീസും സബ്ജയിലിലേക്ക് 'പ്രമോഷൻ' കിട്ടി വന്ന ഗമയുണ്ട് കണ്ടാൽ. സബ്ജയിലിൽ ഒരു first offender ... habituals ന്റെ കൂട്ടത്തിലാണ് മുറിയിൽ. കിടപ്പും ഒന്നിച്ച്, ഊണും ഒന്നിച്ച്, ജോലിയും ഒന്നിച്ച്, കേസിനു പോകും ഒന്നിച്ച്, ഒന്നിച്ച് ആശുപത്രിയിൽ പോകും. ഈ സഹവാസം പുതുതായി ജയിലിൽ വരുന്ന ഒരാളെ ചെയ്ത കുറ്റം സമർത്ഥമായി ആവർത്തിക്കുന്നതിൽ പ്രവീണനാക്കും. സമർത്ഥമായി കുറ്റം ചെയ്യുവാൻ അഭ്യസിപ്പിക്കും. ചെയ്യുന്ന കുറ്റം മറച്ചുവയ്ക്കുവാൻ പരിശീലിപ്പിക്കും. പിടികിട്ടാതെ നടക്കുവാനും പിടിച്ചാൽ നില്ക്കേണ്ട വിധങ്ങളിലും അറിവു കൂടുതൽ നല്കും. പരിണത ഫലമോ വെളുക്കാൻ തേച്ചത് പാണ്ടായി എന്ന അനുഭവവും. ഗോപാലനും വറുഗീസും ശിക്ഷകിട്ടി ഒരു സെൻട്രൽ ജയിലിൽ എത്തുമെന്ന് കരുതിയാണ് ദിവസങ്ങൾ കഴിക്കുന്നത്. അതുകൊണ്ട് ജയിലുകളും പോഷകസ്ഥാപനങ്ങളും കുറ്റകൃത്യങ്ങൾ വളർത്തിയെടുക്കുന്ന സ്ഥാപനങ്ങളാകുന്നുവോ? അല്ല, അതല്ല ഗവൺമെന്റിന്റെ ലക്ഷ്യം. പക്ഷേ ലക്ഷ്യപ്രാപ്തി ഉണ്ടാകുന്നില്ല. ലക്ഷ്യം അല്പം അകലെയാണ് എന്നും, സാമ്പത്തികഭാരം സർക്കാരിന് വരുത്താതെതന്നെ വകുപ്പ് പ്രവർത്തകർ വിചാരിച്ചാൽ സാധിക്കാവുന്ന കാര്യങ്ങളാണിത്. ഓരോ തടവുകാരനുവേണ്ടിയും ദിവസം പ്രതി പണം സർക്കാർ ഖജനാവിൽ നിന്നും ചെലവു ചെയ്യുന്നുണ്ട്. നികുതിദായകരായ നമ്മുടെ പണമാണിത്. എന്താണ് കരണീയം?

കേരള സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും ശരാശരി 3 ജയിലുകൾ വീതമുണ്ട്. പ്രഥമകുറ്റത്തിന് പിടിക്കപ്പെടുന്നവരെ 'first offender' മാത്രം ഇടുന്നതിനായി ഒരു ജയിൽ വേർതിരിക്കുന്നത് ഗുണകരമാണ്. പോക്കറ്റടി, മോഷണം, ഭവനഭേദനം എന്നീ കുറ്റങ്ങൾക്കായി പിടിക്കപ്പെടുന്നവരെ എല്ലാം ഒരു ജയിലിലും. ഇങ്ങനെ ഓരോ താലൂക്കിലും കുറ്റവാളികളെ തരംതിരിച്ച് (Scientific classification) ഇട്ടാൽ അത് തിരുത്തൽ പരിപാടിക്ക് ഗവൺമെന്റിന് നല്കാവുന്ന ഒരു വലിയ പ്രോത്സാഹനമായിരിക്കും. തടവുകാരെ അതാതു അവധികളിൽ കോടതികളിൽ ഹാജരാക്കുന്നതിന് യാത്രക്കൂലി അധികം വരുമെന്നുള്ള ന്യായം ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടാകും. വിദൂരഭാവിയിലെ ക്ഷേമമാണ് ലക്ഷ്യമെങ്കിൽ ഈ താത്ക്കാലിക അധികച്ചെലവ് ലാഭമായി വരും. ഇന്നത്തെ സ്ഥിതി എന്ത്? എള്ള് ചോരുന്നത് അറിയും.... അറിയുകയില്ല എന്നുള്ളതാണ്. തിരുത്തൽ പരിപാടികളുമായി (Correctional approaches) വരുന്നവർക്ക് കൂടുതൽ സൗകര്യങ്ങൾ അനുവദിച്ചുകൊടുക്കുന്നതും, ഓരോ ജയിലിലും 25 ശതമാനം ഉദ്യോഗസ്ഥന്മാരെയെങ്കിലും തിരുത്തലിനായി വേർതിരിച്ച് പരിശീലിപ്പിച്ച് അവരെ ഉപയോഗിക്കുന്നതും നന്നായിരിക്കും.

ജയിലുകളുടെ പ്രധാന ലക്ഷ്യം തടവുകാരന്റെ സുരക്ഷിതത്വം മാത്രമാകുമ്പോൾ ഒരു കൂട്ടം മുടിയന്മാരെ സൃഷ്ടിക്കുകയാണ് ചെയ്യുന്നതെന്ന വലിയ അപകടം മറക്കരുത്. Under trial (ശിക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള കാലാവധി) കാലത്ത് തടവുകാരന് ജോലിയൊന്നും ചെയ്യേണ്ട. അതാതു ജയിലുകളുടെ ഭക്ഷണക്രമീകരണം, പരിസര ശുചീകരണം എന്നിവ മാത്രം ചെയ്താൽ മതി. ഇത് ഒരു വലിയ ദേശീയ മനുഷ്യശക്തി നഷ്ടമാണ്. 100 തടവുകാർ ശരാശരി കഴിയുന്ന ഒരു സബ്ജയിലിൽ 3 മാസം അതായത് 90 ദിവസം എടുക്കുക. ദിവസേന 100 മനുഷ്യശക്തി നഷ്ടമാകുന്നു. 3 മാസം ഊണും ഉറക്കവുമായി മാത്രം കഴിയുന്ന ഒരു വ്യക്തിക്ക് പുറത്തിറങ്ങിയാൽ പണി ചെയ്യുവാൻ നന്നേ പ്രയാസമായിരിക്കും. മാത്രമല്ല, മോഷണവിദ്യയിൽ സമർത്ഥനായ വേറെ ഒരു പ്രതിയുടെ കൂടെയാണ് ഒരാൾ കഴിയുന്ന

തെങ്കിൽ പലതും അഭ്യസിച്ചിരിക്കും. Easy money ക്കുവേണ്ടി മോഷണത്തിലേക്ക് തിരിയുവാൻ വ്യഗ്രത കൂടും. ഓരോ ജയിലും ഇങ്ങനെ നിരവധി മാനുഷികശക്തി ദിവസങ്ങൾ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. വിചാരണയിലിരിക്കുന്ന തടവുകാരനെക്കൊണ്ട് ജോലിചെയ്യിക്കേണ്ട നിലയിൽ ജയിൽ നിയമങ്ങൾ ഭേദഗതി ചെയ്യണം. മടിയന്മാരെ സൃഷ്ടിക്കുന്നതിനു പകരം ജോലി ചെയ്യുന്നതിൽ അഭിമാനം കണ്ടെത്തുന്ന ഒരു സമൂഹത്തെ ജയിലുകൾ വഴി സൃഷ്ടിക്കുവാൻ കഴിയും.

വലിയ പട്ടണങ്ങളുടെ മദ്ധ്യേ സ്ഥിതി ചെയ്യുന്ന പല ജയിലുകളിലും ജോലി ചെയ്യുവാനും ചെയ്യിക്കുവാനും സ്ഥലസൗകര്യമില്ല. പട്ടണമദ്ധ്യേ നിന്നും ജയിലുകൾ ഉൾനാടൻ ഗ്രാമങ്ങളിലേക്കു മാറ്റണം. ഓരോ ജയിലിനോടും ചേർന്ന് 100 ഏക്കർ സ്ഥലം വീതം ഉണ്ടായിരിക്കണം. കന്നുകാലി, കോഴി, പന്നി വളർത്തൽ, പ്രകൃതിക്കും മണ്ണിനും അനുകൂലമായ കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുക, ചെറിയ ചെറിയ ഉത്പാദന വ്യവസായങ്ങൾ ഉണ്ടാക്കി തടവുകാരെ അതിൽ അഭ്യസിപ്പിക്കുക, ന്യായമായ കൂലി നിശ്ചയിച്ച് ദിവസേന ഒരു തടവുകാരനുവേണ്ടിയുള്ള ചെലവ് കഴിഞ്ഞ് ബാക്കി പണം തടവുകാരൻ വിടുതലായി പുറത്തുപോകുമ്പോൾ കൈയിൽ കൊടുക്കുക എന്നിവ സൃഷ്ടിപരമായ സമീപനമായിരിക്കും. ശരാശരി 4-5 തടവുകാരെ കോടതിയിൽ ഹാജരാക്കുന്നതിനുള്ള യാത്രച്ചെലവിന്റെ പ്രശ്നം വലുപ്പപ്പെടുത്തി ബാക്കിവരുന്ന 95 പേരെ മടിയന്മാരാക്കുന്ന നിയമസംഹിത പൊളിച്ചെഴുതണം. മാനസിക വികാസത്തിനും ഉല്ലാസത്തിനും ഉതകുന്ന വിനോദ പരിപാടികൾ എല്ലാ ജയിലുകളിലും ഏർപ്പെടുത്തണം. കായികമത്സരങ്ങളിൽ പങ്കെടുക്കുവാൻ വേണ്ട സൗകര്യം തടവുകാർക്ക് നല്കണം. തടവുകാരെ സ്വഭാവസംസ്കരണം നല്കി സമൂഹത്തിൽ ജീവിക്കുന്ന നിലയിൽ എല്ലാ നിലയിലും പരുവപ്പെടുത്തുന്നതായിരിക്കണം. അവന്റെ സുരക്ഷിതത്വത്തിന് ഒപ്പമായ പരിവർത്തനം അർഹിക്കേണ്ട വിധം സർക്കാരിന്റെ സത്വരശ്രദ്ധ പതിഞ്ഞാൽ, സൃഷ്ടിപരമായ നടപടികളെടുത്താൽ, പ്രിസൺ ഡിപ്പാർട്ട്മെന്റ് സാമ്പത്തിക ബാദ്ധ്യത ഈ സംസ്ഥാനത്തിന് വരുത്തിവയ്ക്കുകയില്ല, പ്രത്യുത, ധനം ഉത്പാദിപ്പിക്കുന്ന വകുപ്പായി തീരുകയും ചെയ്യും. മാനസിക പരിവർത്തനവും സമൂഹത്തിൽ ജീവിക്കുന്നതിന് ഉപയുക്തമായ നിലയിൽ തടവുകാരനെ ആക്കിത്തീർക്കുകയും ചെയ്യുന്ന നിലയിലുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് വിവിധ നിലയിൽ സഹായസഹകരണങ്ങൾ നല്കുവാൻ പ്രിസൺ ഫെലോഷിപ്പിനു കഴിയും.

ഗോപാലനെയും വറുഗീസിനെയും സർട്ടിഫൈഡ് സ്കൂളിൽ വെച്ച് ക്രമപ്പെടുത്തുവാൻ കഴിഞ്ഞില്ല. അവിടെ അവർ ശരിയാകേണ്ടിയിരുന്നു. ശരിയായിരുന്നുവെങ്കിൽ ചില കളവുകളുടെ എണ്ണം കുറയുമായിരുന്നു. ആരാണ് പരാജയപ്പെട്ടത്? ഗവൺമെന്റിന്റെ ലക്ഷ്യമല്ല. ലക്ഷ്യം സാധിക്കുവാൻ അവലംബിച്ചിട്ടുള്ള പ്രായോഗിക നടപടികളാണ്. സമൂഹത്തിന് ക്ഷേമവും സമൂഹത്തിലെ വ്യക്തികളുടെയും കുടുംബങ്ങളുടെയും ഐശ്വര്യകരമായ ജീവിതത്തിനും പ്രതിജ്ഞാബദ്ധരായ സർക്കാരിന് കുറ്റക്കാരന്റെ സ്വഭാവസംസ്ക്കരണം അവഗണിക്കുവാൻ കഴിയുകയില്ല. അറസ്റ്റ് ചെയ്ത് കസ്റ്റഡിയിലാക്കി ചെലവിനു കൊടുക്കുന്നവനെ ക്രമപ്പെടുത്തുവാൻ പരാജയപ്പെട്ടാൽ മറ്റുള്ളവരെ ക്രമപ്പെടുത്തുന്നതിൽ എവിടെവരെ വിജയം കണ്ടെത്തും? ലക്ഷ്യസ്ഥാനത്തേക്ക് എത്രമാത്രം അടുക്കും? എങ്ങനെ അടുക്കും?

ജയിൽ സൂപ്രണ്ടുമാർ അദ്ധ്യക്ഷന്മാരായിരിക്കുന്ന പ്രാദേശിക ജയിൽ പരിഷ്കരണ കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങളുടെ അഭിപ്രായവും നിർദ്ദേശങ്ങളും സ്വീകരിച്ച് വകുപ്പ് വിഭാവന ചെയ്യുമെങ്കിൽ വിജയത്തിലേക്കുള്ള ചവിട്ടുപടിയുടെ ആദ്യപടവുകളായിരിക്കും അവ. തടവുകാരെ സമൂഹത്തിൽ കൊണ്ടുവരുവാൻ മടിക്കുകയും പരാജയപ്പെടുമെന്ന് ഭയപ്പെടുകയും ചെയ്യുന്നതിനു പകരം സമൂഹത്തെ ജയിലിനുള്ളിലേക്ക് കൊണ്ടുവന്ന് കുറ്റക്കാരനെ ക്രമപ്പെടുത്തുന്നതിന് വഴി തുറക്കാൻ സർക്കാർ മുന്നോട്ടു വരുമെങ്കിൽ നന്നായി തുടങ്ങുന്നത് പകുതി ചെയ്യുന്നതിന് തുല്യമാകും (Well begun is half done) ❑

# "രാഹാബ് എന്നു പേരുള്ളോരു വേശ്യ"

ജോർജ് ജോൺ, തിരുവനന്തപുരം



**"അ**വർ പുറപ്പെട്ടു രാഹാബ് എന്നു പേരുള്ളോരു വേശ്യയുടെ വീട്ടിൽ ചെന്നു അവിടെ പാർത്തു" (യോശുവ 2:1 b).

യിസ്രായേൽ മക്കളെ മരുഭൂമിയിൽക്കൂടെ വാഗ്ദത്ത നാട്ടിലേക്ക് നടത്തുന്നതിന് മോശെയുടെ കാലശേഷം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട യോശുവ യെരീഹോപട്ടണവും ദേശവും ഒറ്റുനോക്കുന്നതിനുവേണ്ടി നിയോഗിച്ച് ശിത്തീമിൽ നിന്നുമയച്ച രണ്ടുപേരായിരുന്നു "അവർ". അവർ യെരീഹോ പട്ടണത്തിലെത്തി രാഹാബ് എന്നു പേരുള്ളോരു വേശ്യയുടെ വീട്ടിൽ പാർത്തതായി നാം വായിക്കുന്നു.

യോശുവാ അയച്ച യിസ്രായേല്യ ബാല്യക്കാർക്ക് രാഹാബുമായി എന്തെങ്കിലും പൂർവ്വപരിചയം ഉണ്ടായിരുന്നതായി നാം വായിക്കുന്നില്ല. മാത്രമല്ല, അവർ യെരീഹോപട്ടണത്തിൽ ഇതിനുമുമ്പ് പോയിട്ടുള്ളതായും സൂചനയൊന്നും ലഭിക്കുന്നില്ല. അവരുടെ പേരുകൾ പറയുന്നില്ലെങ്കിലും പില്ക്കാലത്ത് രാഹാബിനെ വിവാഹം കഴിച്ച ശല്മോൻ അവരിൽ ഒരാൾ ആയിരിക്കാൻ സാധ്യതയുണ്ട്. ഒറ്റുകാരായ യിസ്രായേല്യർ എപ്രകാരമാണ് രാഹാബിന്റെ ഭവനത്തിലെത്തി ചേർന്നതെന്നും, അവർ വിദേശികളാണെന്നും, ഒരു പക്ഷേ ശത്രുക്കളാണെന്നും അറിഞ്ഞു കൊണ്ടുതന്നേ രാഹാബ് അവരെ തന്റെ വീട്ടിൽ എന്തുകൊണ്ടാണ് പാർപ്പിച്ചതെന്നും ന്യായമായി സന്ദേഹിക്കാവുന്നതാണ്. ചരിത്രകാരന്മാരിൽ നിന്നും ലഭിക്കുന്ന വിവരങ്ങളനുസരിച്ച് മേല്പറഞ്ഞതിലേക്കുള്ള ഒരു വിശദീകരണം ഏതാണ്ട് ഇപ്രകാരമാണ്: രാഹാബ് എന്ന സ്ത്രീ ഒരു വേശ്യയെന്ന രീതിയിൽ അറിയപ്പെട്ടു തുടങ്ങുന്നതിനു മുമ്പ് വിവാഹിതയും മാന്യമായ കുടുംബജീവിതം നയിക്കുന്ന ആളും ആയിരുന്നെന്നും അവളും അവളുടെ ഭർത്താവും ചേർന്ന് യെരീഹോ പട്ടണത്തിൽ വന്നുപോകുന്ന ആളുകൾക്കുവേണ്ടി ഒരു അതിഥി മന്ദിരം നടത്തിവരികയായിരുന്നു എന്നും സൂചനയുണ്ട്. നിർഭാഗ്യവശാൽ അവളുടെ ഭർത്താവ് അകാലചരമം അടയുകയും അതിനുശേഷം ജീവസന്ധാരണത്തിനുവേണ്ടി രാഹാബ് അതിഥി മന്ദിരം തുടർന്നു നടത്തുകയും ചെയ്തിരിക്കണം. യുവതിയായ ഒരുവൾ അപരിചിതരായ ആളുകൾ വരികയും താമസിക്കയും ചെയ്യുന്ന ഒരു സ്ഥാപനം നടത്തുകയെന്നുള്ളത് വളരെ ദുഷ്കരമാണെന്നു മാത്രമല്ല, വലിയ പേരുദോഷത്തിന് ഇടയാക്കുകയും ചെയ്യുമെന്നുള്ളത് നിസ്തർക്കമാണ്. എന്നാൽ രാഹാബ് ധൈര്യശാലിയും നിശ്ചയദാർഢ്യമുള്ളവളും ആയിരുന്നതിനാൽ അവൾ വിധി വൈപരീത്യത്തിനു കീഴ്പ്പെട്ട് കേവലം നിസ്സഹായാവസ്ഥയിൽ തന്റെ ശിഷ്ടായുസ്സ് തള്ളിനീക്കുന്നതിനു പകരം തനിക്കെതിരായി ഉയർന്നു വന്ന വെല്ലുവിളികളെ നേരിട്ടുകൊണ്ട് മറ്റുള്ളവരുടെ കാരുണ്യത്തിന് തന്നെത്തന്നേ വിട്ടു കൊടുക്കാതെ തന്റെ ഏക ഉപജീവനമാർഗ്ഗമായ അതിഥി മന്ദിരം തുടർന്നു നടത്താൻ തീരുമാനിച്ചിരിക്കണം. ഒരു പക്ഷേ അതിഥി മന്ദിരമെന്ന നിലയിൽ വലിയ തോതിൽ നടത്തുന്നതിനു പകരം അത്യാവശ്യക്കാർക്ക് താമസസൗകര്യവും ഭക്ഷണവും നല്കുന്ന "വീട്ടുതാമസ സമ്പ്രദായം"

(Homestay) ആയിരിക്കണം അവൾ അവലംബിച്ചത്.

ദേശം ഒറ്റുനോക്കുന്നതിനുവേണ്ടി വന്ന യിസ്രായേല്യർ കച്ചവടക്കാരെന്നോ മറ്റോ ഉള്ള വ്യാജേനയായിരിക്കണം പട്ടണത്തിൽ പ്രവേശനം നേടിയത്. അതിനുശേഷം അവർ ചില വ്യാപാരസ്ഥാപനങ്ങൾ സന്ദർശിച്ചിരിക്കാം. പട്ടണത്തിൽ രാപാർക്കുന്നതിനുള്ള ഒരു സ്ഥലം അവർ അന്വേഷിച്ചപ്പോൾ സ്വാഭാവികമായി രാഹാബിന്റെ ഭവനത്തിലേക്ക് ആരെങ്കിലും അവർക്ക് മാർഗ്ഗനിർദ്ദേശം നല്കിയിരിക്കണം. ഒരു പക്ഷേ അതേ ആളുകൾ തന്നെയായിരിക്കണം സന്ദർശകരായ ചെറുപ്പക്കാരുടെ "മട്ടും മാതിരി" യുമൊക്കെ കണ്ടിട്ട് അവരെക്കുറിച്ചുണ്ടായ അഭ്യൂഹങ്ങൾ അധികാര സ്ഥാനങ്ങളിലറിയിച്ചതും. വേഷത്തിലും ഭാഷയിലും വ്യത്യസ്തരായ ആളുകൾ ഏതെങ്കിലും ഒരു പുതിയ സ്ഥലത്തു ചെല്ലുമ്പോൾ അവരെ സംശയ ദൃഷ്ട്യാ വീക്ഷിക്കുന്നത് ചില ആളുകളുടെ പതിവാണല്ലോ.

മേല്പറഞ്ഞ സാഹചര്യത്തിൽ, രാഹാബിന്റെ ഭവനത്തിൽ താമസസൗകര്യം തേടി വന്ന യിസ്രായേല്യ യുവാക്കളെ അവൾ സ്വീകരിച്ചതിൽ അപാകതയുണ്ടെന്നു പറയാൻ സാധിക്കയില്ലെങ്കിലും അവരെ അന്വേഷിച്ചുവന്ന അധികാരികളോട് അസത്യം പറയുകയും തട്ടിൻമുകളിൽ അടുക്കിവച്ചിരുന്ന ചണത്തണ്ടുകളുടെ (stalks of flax) അടിയിൽ അവരെ ഒളിപ്പിച്ച് രക്ഷപ്പെടുത്തുകയും ചെയ്യാൻ അവളൊരുമ്പെട്ടത് എന്തുകൊണ്ടായിരിക്കാം? കണ്ടുപിടിക്കപ്പെട്ടിരുന്നാൽ അവൾക്കും കൂടെയുണ്ടായിരുന്നവർക്കും വധശിക്ഷ തന്നെ ലഭിക്കാവുന്ന രാജ്യദ്രോഹകുറ്റമാണ് അവൾ ചെയ്തതെന്നുള്ളതിൽ സംശയമില്ല. എന്നാൽ അതിനുള്ള കാരണം യോശുവ 2:9-13 വാക്യങ്ങളിൽ കാണാൻ കഴിയും. മൂന്നു കാര്യങ്ങളാണ് അതിൽ പ്രധാനമായുള്ളത്. "യഹോവ ഈ ദേശം നിങ്ങൾക്കു തന്നിരിക്കുന്നു; നിങ്ങളെയുള്ള ഭീതി ഞങ്ങളുടെമേൽ വീണിരിക്കുന്നു; നിങ്ങളുടെ ദൈവമായ യഹോവ തന്നേ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും ദൈവമാകുന്നു" എന്നിവയാണ് ആ കാര്യങ്ങൾ. മേല്പറഞ്ഞ അറിവുകളുടെ അടിസ്ഥാനത്തിലാണ് രാഹാബ് പ്രവർത്തിച്ചതെന്നുള്ളത് വളരെ സ്പഷ്ടമാണ്.

ദൈവത്തിന്റെ കാര്യപരിപാടിയുടെ അതിമനോഹരമായ ഒരു ചിത്രമാണ് ഇവിടെ നമുക്കു കാണാൻ കഴിയുന്നത്. അബ്രാഹാമിനോടുള്ള ദൈവിക വാഗ്ദത്തം നിറവേറപ്പെടണമെങ്കിൽ വാഗ്ദത്തനാട്ടിൽ നിലവിലിരുന്ന പുറജാതികളെ സമൂലം ഉന്മൂലനം ചെയ്യേണ്ടത് അനിവാര്യമായിരുന്നു. അവർ അധിവസിച്ചിരുന്ന പല പ്രദേശങ്ങളും യിസ്രായേല്യർക്ക് നിഷ്പ്രയാസം കീഴടക്കാമായിരുന്നു. എന്നാൽ യെരീഹോ പട്ടണംപോലെ കീഴടക്കാൻ ദുഷ്കരമായ പ്രദേശങ്ങളും അക്കൂട്ടത്തിലുണ്ടായിരുന്നു. ദൈവികമായ ഇടപെടൽ ഉണ്ടായിരുന്നെങ്കിൽ എല്ലാ പ്രദേശങ്ങളും യാതൊരു പ്രയത്നവും കൂടാതെ തന്നേ ലഭിക്കുമായിരുന്നുവെന്നുള്ളത് നിസ്തർക്കമാണ്. എന്നാൽ ദൈവം തന്റെ മക്കൾക്ക് അവരവർ നിർവ്വഹിക്കേണ്ടുന്ന കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള അവസരങ്ങൾ പ്രദാനം ചെയ്യുകയും സാഹചര്യങ്ങൾ അനുകൂലമാക്കികൊടുക്കുകയും ചെയ്യുന്നതായി നമുക്കു കാണാൻ കഴിയും. യെരീഹോ പട്ടണം പിടിച്ചടക്കുന്ന പ്രക്രിയയിലും ദൈവിക "നടത്തിപ്പ്" ആദിയോടന്തം പ്രകടമാണ്. എന്നാൽ യെരീഹോ പിടിച്ചടക്കുക എന്നതിനപ്പുറമായി ലോകരക്ഷിതാവായ യേശുക്രിസ്തുവിന്റെ ജനനത്തോടനുബന്ധിച്ച ദൈവിക കാര്യപരിപാടിയുടെ നിറവേറലിന്റെ ശൃംഖലയിലെ ഒരു ചെറിയ കണ്ണി മാത്രമായിരുന്നു രാഹാബ് എന്ന് പില്ക്കാല ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

യെരീഹോ പട്ടണം ഒറ്റുനോക്കുന്നതിന് യോശുവാ തന്റെ ചാരന്മാരെ അയയ്ക്കുന്നതിന് എത്രയോ മുമ്പുതന്നെ അവരെ സ്വീകരിക്കുന്നതിന് ഒരു രാഹാബിനെ ദൈവം ഒരുക്കി. മാത്രമല്ല, അവരെ പാർപ്പിക്കുന്നതിനും ഒളിപ്പി

രാഹാബിന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്നത്, നമ്മുടെ ലോകപ്രകാരമുള്ള അവസ്ഥയോ ഉച്ചനീചത്വമോ പാരമ്പര്യമോ, ഒന്നും തന്നെ ദൈവം പരിഗണിക്കുന്നില്ല എന്നത്രേ. മാത്രമല്ല, കോടാനുകോടി ജനങ്ങൾ അധിവസിക്കുന്ന ഈ ഭൂമണ്ഡലത്തിൽ ജനിക്കുന്ന ഓരോ വ്യക്തിയെക്കുറിച്ചും ദൈവത്തിന് ഒരുദ്ദേശമുണ്ട്, ആ ഉദ്ദേശസാധ്യത്തിനുവേണ്ടി തികച്ചും അപ്രതീക്ഷിതമായ മാർഗ്ഗങ്ങളിലൂടെ നമുക്കു കടന്നുപോകേണ്ടതായി വന്നേക്കാം. ഏതു പരിതഃസ്ഥിതിയിലും പരിഭ്രാന്തിയുടെ പാരമ്യത്തിൽ പെട്ടുഴലാതെ സമചിത്തതയോടുകൂടി നമ്മെത്തന്നെ ദൈവകരങ്ങളിൽ പൂർണ്ണമായി സമർപ്പിച്ച് ദൈവേഷ്ടത്തിനു വിധേയരായി ഈ ജീവിതയാത്ര തുടരാൻ നാം ഓരോരുത്തരെയും കർത്താവ് സഹായിക്കുമാറാകട്ടെ. ❑

ക്കുന്നതിനും, പിന്നീട് പട്ടണവാതില്ക്കൽകൂടെയല്ലാതെ കോട്ടയുടെ പുറത്തേക്കിറങ്ങാൻ ആവശ്യമായ സജ്ജീകരണങ്ങളുള്ള ഒരു ഭവനവും ദൈവത്തിന്റെ മാസ്റ്റർ പ്ലാനിലുൾപ്പെട്ടിരുന്നു. എന്നാൽ യെരീഹോ പട്ടണത്തിന്റെ പതനത്തിനുശേഷം രാഹാബിനുണ്ടായ അവസ്ഥാന്തരവും "യെരീഹോപട്ടണത്തിലെ വേശ്യ" എന്നറിയപ്പെട്ടിരുന്നവൾ യഹൂദാ ഗോത്രത്തിൽ പിറന്ന നഹശോന്റെ മകൻ ശല്മോന്റെ ഭാര്യാപദവും മഹാനായ ദാവീദ് രാജാവിന്റെ പ്രപിതാമഹനായ ബോവസ്സിന്റെ മാതൃസ്ഥാനവും അലങ്കരിക്കാനിടയായതുമൂലം രാജാധിരാജാവും കർത്താധികർത്താവുമായ യേശുക്രിസ്തുവിന്റെ വംശാവലിയിൽ സ്ഥാനം പിടിക്കാനിടയായതും ലോകസ്ഥാപനത്തിനു മുമ്പു തന്നെ ദൈവം മുന്നിയമിച്ചിരുന്ന കാര്യങ്ങളാണ്.

---

***13-ാം പേജിൽ നിന്നും തുടർച്ച (എല്ലാറ്റിലും വിശ്വസ്തർ)***

സഫീറയെയും പോലെയല്ല. പിന്നെയോ ലൂക്കൊ. 21:2-4 ൽ രണ്ട് കാശിട്ട ദരിദ്രയായ വിധവയെപ്പോലെ തന്റെ ഉപജീവനം മുഴുവനായി ദൈവനാമത്തിനുവേണ്ടി ചിലവിട്ട ഈ സ്ത്രീയെപ്പോലെ നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകയാൽ അവിടേക്ക് നിക്ഷേപം സ്വരൂപിക്കുന്നതിൽ നമുക്കു വിശ്വസ്തരാകാം ഫിലി. 3:20, 2 കൊരി 9:7.

1. വിശ്വസ്തരായി ജീവിച്ചാലുള്ള ഫലം സങ്കീ. 31:23 യഹോവ വിശ്വസ്തന്മാരെ കാക്കുന്നു. ദൈവിക കാവലും സംരക്ഷണവും ഉറപ്പാണ്. മത്തായി 28:20, സങ്കീ. 91:4. ദൈവത്തിന്റെ വിശ്വസ്തത പലകയായും പരിചയായുമുണ്ട്.

2. മത്തായി. 25: 3 വിശ്വസ്തരായി പ്രവർത്തിച്ച് ആത്മാക്കളെ നേടിയാൽ "നല്ലവനും വിശ്വസ്തനുമായ ദാസനേ"യെന്ന വിളിക്കു യോഗ്യനാക്കും. അധികത്തിനു വിചാരകനാക്കും. യജമാനന്റെ സന്തോഷത്തിലേക്കുള്ള പ്രവേശനവും ലഭിക്കും.

3. വെളി. 2:10 മരണപര്യന്തം വിശ്വസ്തരായിരുന്നാൽ ജീവകിരീടം ലഭിക്കും.

2 തിമൊ. 2:13 നാം അവിശ്വസ്തരായിത്തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു ആവ. 32:4. വിശ്വസ്തനായ ദൈവം വ്യാജമില്ലാത്തവനാണ്. സങ്കീ. 31:23, വിശ്വസ്തന്മാരെ കാക്കുന്നവനായ ദൈവം അഹങ്കാരം പ്രവർത്തിക്കുന്നവന് ധാരാളം പകരം കൊടുക്കുന്നു. തന്നെയുമല്ല: 2 കൊരി. 5:10. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകയാൽ, വ്യക്തിപരമായ ജീവിതത്തിലും, കുടുംബജീവിതത്തിലും ദേശത്തും, സഭയിലും കർത്താവിന്റെ വരവുവരെ ഏല്പിച്ചിരിക്കുന്ന താലന്തുകൾ വിശ്വസ്തതയോടെ വ്യാപാരം ചെയ്തും, പ്രാർത്ഥിച്ചും ദൈവനാമത്തിനായി വിശ്വസ്തതയോടെ പ്രവർത്തിപ്പാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ❑

# ബൈബിളിൽ ഇറാക്
## (Iraq in the Bible)



മേരി അഞ്ചൻ, തുംകൂർ

ഇറാക് എന്ന രാജ്യത്തെക്കുറിച്ചു കേൾക്കുമ്പോൾ, സദ്ദാം ഹുസൈൻ എന്ന വിപ്ലവകാരിയായിരുന്ന ഭരണാധികാരിയാണ് നമ്മുടെ മനോമുകുരത്തിൽ പ്രത്യക്ഷനാകുന്നത്. എന്നാൽ അതിപ്രാചീനമായിരുന്ന ഒരു രാജ്യമായിരുന്നു ഇറാക്. തിരുവചനത്തിൽ 'ഇറാക്' എന്ന പേരില്ലെങ്കിലും, ഈ ഭൂവിഭാഗം മറ്റനേകം പേരുകളാൽ അറിയപ്പെട്ടിരുന്നു. മെസൊപ്പോത്താമ്യ, ബാബിലോൺ, ശിനാർ, അസ്സീറിയ, നിനവെ എന്നീ വിവിധ പേരുകളിൽ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ പ്രദേശം ഇറാക് തന്നെയായിരുന്നു.

"കല്ദയരാജ്യം" എന്നും അറിയപ്പെട്ടിരുന്ന ഈ രാജ്യത്തെ പ്രഥമരാജാവ് മെരോദക് ബലദാൻ (721 B.C.) ആയിരുന്നു. അനന്തരം 'നെബോപൊലാസർ' എന്ന രാജാവ് 'ബാബിലോൺ' എന്ന പേരിൽ ഈ രാജ്യം ഭരിക്കുകയും അയാളുടെ പുത്രൻ മഹാനായ നെബൂഖദ്നേസർ രാജാവിന്റെ കാലത്ത് ബാബിലോൺ സമൃദ്ധിയുടെയും പ്രതാപത്തിന്റെയും ഉച്ചകോടിയിലെത്തുകയും ചെയ്തു. (ദാനി. 4:29 -30) ബി. സി. 550-ാമാണ്ട് പാർസിരാജാക്കന്മാർ ബാബിലോൺ പിടിച്ചെടുത്തു. എന്നാൽ ബി. സി. 331-ൽ മഹാനായ അലക്സാണ്ടർ എന്ന ഗ്രീക്കു രാജാവ് പാർസിരാജാക്കന്മാരെ തോല്പിച്ച് ഈ രാജ്യം കൈവശമാക്കി. അയാൾ ഈ രാജ്യത്തിന് 'മെസൊപ്പൊത്താമ്യ' എന്ന് പേരിട്ടു. ആ പദത്തിന്റെ അർത്ഥം "നദികളുടെ മദ്ധ്യേ (between rivers) എന്നാണ്. ടൈഗ്രീസ്- യൂഫ്രട്ടീസ് നദികളുടെ മദ്ധ്യേ സ്ഥിതി ചെയ്തിരുന്ന പ്രദേശമായിരുന്നല്ലോ ഏദെൻതോട്ടം. 1921-ൽ ഒന്നാം ലോകമഹായുദ്ധാനന്തരം ബ്രിട്ടീഷ്കാരാണ് ഈ പ്രദേശത്തിന് ഇറാക് (Iraq) എന്ന പേരിട്ടത്. 1932 -ൽ ഈ രാജ്യം ഒരു സ്വതന്ത്ര്യരാജ്യമായി പ്രഖ്യാപിക്കപ്പെട്ടു. (എൻസൈക്ലോപീഡിയ ആധാരം).

തിരുവചനത്തിൽ 'വിശുദ്ധനാട് (The Holy Land) എന്ന അപരനാമധേയത്താൽ അറിയപ്പെടുന്ന യിസ്രായേൽ രാജ്യം കഴിഞ്ഞാൽ ഏറ്റവും പ്രസിദ്ധി ആർജ്ജിച്ചിരുന്ന രാജ്യം ഇറാക്കായിരുന്നു. യിസ്രായേൽ ജനതയുടെ മൂലപിതാവായിരുന്ന അബ്രാഹാമിനെ ഇറാക്കിന്റെ ദക്ഷിണഭാഗത്തു സ്ഥിതിചെയ്തിരുന്ന 'ഊർ' പട്ടണത്തിൽ നിന്നായിരുന്നു യഹോവയായ ദൈവം വിളിച്ചു വേർതിരിച്ചത്. അപ്പൊ.പ്രവൃത്തി 7:1, 2 "മെസൊപ്പോത്താമ്യയിൽ നിന്നും വിളിച്ചു" എന്നു വായിക്കുന്നു. നോഹ ജീവിച്ചിരുന്നതും പെട്ടകം നിർമ്മിച്ചതും ഇറാക്കിലായിരുന്നു. ശിനാർ സമഭൂമിയിൽ ബാബേൽ ഗോപുരം നിർമ്മാണം ആരംഭിച്ചതും ശിനാറിൽ നിമ്രോദ് രാജ്യം സ്ഥാപിച്ചതും ശ്രദ്ധേയം. ലോകത്തിലെ വിവിധ ഭാഷകളുടെ ആരംഭവും ഇവിടെത്തന്നെ ആയിരുന്നു.

ബി. സി. 605-മാണ്ട് നെബൂഖദ്നേസ്സർ രാജാവ് യെരുശലേമിനെ ആക്രമിച്ച് ദൈവാലയത്തിലെ അമൂല്യവസ്തുക്കൾ അപഹരിച്ചു കൊണ്ടുപോയി ശിനാർ ദേശത്ത് തന്റെ ദേവന്റെ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. യെഹൂദ രാജവംശജരിൽ നിന്ന് സമർത്ഥരും ആകാര സൗഷ്ഠവമുള്ളവരുമായ ബാലന്മാരെ അടിമകളായി കൊണ്ടുപോയവരിൽ ഒരാളായിരുന്നു ദാനിയേൽ. ഇറാക് എന്ന ബാബിലോണിൽ ദാനിയേൽ ഏകദേശം 65 വർഷക്കാലം ജീവിച്ചു. യഹോവയായ ദൈവത്തിന്റെ വിശ്വ

സ്ത പ്രവാചകനായിരുന്ന ദാനിയേൽ നാലു ഭരണാധികാരികൾക്ക് ദൈവത്തിന്റെ അരുളപ്പാടുകൾ വെളിപ്പെടുത്തി കൊടുത്തു. കൂടാതെ, ദാര്യാവേശ് രാജാവിന്റെ കാലത്ത് ബാബിലോണിലെ പ്രധാന ദേശാധിപതിയായി വാഴുകയും ചെയ്തു. (ദാനി. 6:3).

പഴയനിയമ തിരുവെഴുത്തിലെ രാജ്യവ്യാപകമായ ഉണർവ്വ് അസീറിയായുടെ തലസ്ഥാനമായ നിനെവെയിലായിരുന്നു സംഭവിച്ചത്. യോനാ പ്രവാചകന്റെ പ്രസംഗത്തിന്റെ ഫലമായി നിനെവെയിലെ സകലരും അനുതപിച്ച്, മാനസാന്തരം പ്രാപിച്ച് ദൈവക്രോധത്തിൽ നിന്നും രക്ഷപ്രാപിച്ചെങ്കിലും, അവരുടെ പിൻതലമുറയുടെ കാലത്ത് ജനങ്ങൾ സത്യദൈവത്തെ ഉപേക്ഷിക്കുകയാണ് ചെയ്തത്. യോനയുടെ കാലത്തിന് നൂറിൽപരം (100) വർഷങ്ങൾക്കുശേഷം നഹൂം പ്രവാചകൻ നിനെവേയിലെ ദുഷ്ടതയ്ക്ക് എതിരായി പ്രവചിച്ചു. ബി. സി. 612-ൽ നിനെവേയുടെ സമ്പൂർണ്ണനാശം സംഭവിച്ചു.

പത്രൊസ് ഇറാക്കിൽ സുവിശേഷം പ്രസംഗിച്ചതായി 1 പത്രൊസ് 5:13 ൽ കാണുന്നു.

ബാബിലോണിന്റെ സമ്പൂർണ്ണ നാശത്തേക്കുറിച്ചുള്ള പ്രവചനം യിരമ്യാ. 50-51 അദ്ധ്യായങ്ങളിൽ കാണുന്നു. അതിന്റെ ന്യായവിധിയെക്കുറിച്ച് വെളിപ്പാടു പുസ്തകം അദ്ധ്യായം 18 വായിക്കുക.

(Selected from different sources)

## The Rich Young Ruler

1. We are not told his name- this “rich young ruler”
   who sought the Lord that day.
   We only know that he had great possessions
   And that- he went away.
2. He went away, he kept his earthly treasure
   But oh, at what a cost!
   Afraid to take the cross and lose his riches
   And God and Heaven were lost!
3. So for the tinsel bonds that held and drew him
   What honour he let slip
   Comrade of John and Paul and friend of Jesus-
   What glorious fellowship!
4. For they who left their all to follow Jesus
   Have found a deathless fame.
   On his immortal scroll of saints and martyrs
   God wrote each shining name.
5. We should have read his there - the rich young ruler
   If he had stayed that day;
   Nameless- though Jesus loved him - ever nameless
   Because - he went away.

(Selected)

❑

# GOD'S FORGIVENESS

**Dr. Helen Abraham, Chennai**



It's amazing how readily God forgives a truly repenting heart. He sees through us as through a transparent piece of glass. He knows our thoughts, plans, attitudes and intentions. In John 8: 3-11, we see a woman being brought to Jesus by the scribes and Pharisees to be 'judged' for her adulterous life. The intention of the scribes was actually to judge the judge. This brings to light how very interested people are in judging others. The Jews condemn the woman and say she should be stoned for her sinful act. However, our Lord Jesus, who being holy, and most worthy of judging the woman, was not quick to raise his finger at her. He turns a deaf ear to many accusations that were being cast against the woman. Jesus already knew everything about her life and the thoughts of her heart. When they persevered, Jesus says, 'Let those without sin among you first throw a stone at her.' We see the contrast of fault-finding human nature, versus the ever- readily forgiving nature of God. In Psalms 103:8, we read about the nature of God – merciful, gracious, slow to anger and abounding in mercy. Jesus was merciful to the woman and says that he does not condemn her and asks her to sin no more. Jesus' statement also made people who accused the woman to be convicted by their conscience, introspect their own lives and realize their sinfulness.

As children of God, how empathetic are we toward our fellow believers when they sin against us? Are we quick or slow to anger? Sometimes we pre-judge people by their outward appearance and mannerism even before knowing them and thoughts of accusations float in our minds. Do we have a heart of forgiveness or bitterness towards others? Are we convicted by our conscience at the realization of our sinfulness? Do we ask the Lord for forgiveness for harboring bitterness and judging others? Let us focus on our spiritual growth and spend our time in correcting ourselves and also help those around us to grow spiritually. Let us strive to be more like our Lord and Savior Christ Jesus, merciful, gracious and loving to all those around us.

❑

# QUEST 79

**(ഈ ലക്കം QUEST –79 ലെ ചോദ്യങ്ങൾ റോമർ, 1 കൊരിന്ത്യർ എന്നീ പുസ്തകങ്ങളിൽ നിന്നാണ്)**

1. ആസ്യയിൽ ക്രിസ്തുവിന് ആദ്യഫലമായി ലഭിച്ച വ്യക്തി ആര്?
2. തിമൊഥെയോസിനെക്കുറിച്ച് പൗലൊസിന്റെ സാക്ഷ്യം എന്ത്?
3. പൗലൊസ് ഏത് ഗോത്രക്കാരൻ?
4. യിസ്രായേൽ കടൽക്കരയിലെ മണൽപോലെ ആയിരുന്നാലും ശേഷിപ്പുമാത്രമേ രക്ഷിക്കപ്പെടൂ എന്ന് പറഞ്ഞതാര്?
5. ഭൂമിയും അതിന്റെ പൂർണ്ണതയും ആർക്കുള്ളത്?
6. പൗലൊസ് ആർക്കൊക്കെയാണ് കടക്കാരൻ ആയത്?
7. പുരുഷൻ മൂടുപടം ഇടേണ്ടതില്ല. എന്തുകൊണ്ട്?
8. അബ്രാഹാമിന്റെ സന്തതി എന്ന് വിളിക്കപ്പെട്ടവൻ ആര്?
9. ദൈവം ലോകത്തിൽ ഭോഷത്വമായത് തിരഞ്ഞെടുത്തത് എന്തിന്?
10. പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നത് എങ്ങനെ?
11. പരിശുദ്ധാത്മാവിന്റെ മന്ദിരം എന്താണ്?
12. അഖായയിലെ ആദ്യഫലം ഏതു കുടുംബമാണ്?
13. ദൈവത്തിന്റെ ദയ എന്തിലേക്കാണ് വഴി നടത്തുന്നത്?
14. ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ .......................തന്നേ.
15. യേശുവിന്റെ മരണത്തിൽ പങ്കാളിയാകുവാൻ മനുഷ്യവർഗ്ഗം ചെയ്യേണ്ട കർമ്മം എന്ത്?
16. പൗലൊസ് തന്റെ അധികാരം പ്രയോഗിക്കാതെ ഇരിക്കാൻ കാരണമെന്ത്?
17. വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയിൽ ഏറ്റവും വലിയത് ഏതാണ്?
18. അന്യഭാഷകളിൽ സംസാരിക്കുന്നവൻ ആരോടാണ് സംസാരിക്കുന്നത്?
19. നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം എന്തിന്റെ കൂട്ടായ്മയെ കാണിക്കുന്നു?
20. പൗലൊസ് ദൈവരാജ്യം എന്താണെന്നാണ് പറയുന്നത്?

## പ്രത്യേക ശ്രദ്ധയ്ക്ക്

**ക്വെസ്റ്റ് 79-ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം 2021 ഒക്ടോബർ 20 നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 011**

## QUEST– 78– ന്റെ ശരി ഉത്തരങ്ങൾ

| | |
|---|---|
| 1. ഗമാലിയേൽ | (അപ്പൊ. 5:34) |
| 2. വിദ്വാൻ | (അപ്പൊ. 13:8) |
| 3. ദൈവം മോശെയോടു | (അപ്പൊ. 7:33) |
| 4. അനന്യാസ് | (അപ്പൊ. 9:10) |
| 5. കൊർന്നല്യൊസ് | (അപ്പൊ. 10:1) |
| 6. ഹെരോദാ രാജാവ് | (അപ്പൊ. 12:2) |
| 7. ലുക്കവോന്യ ഭാഷ | (അപ്പൊ. 14:11) |
| 8. അന്ത്യോക്ക്യയിൽ | (അപ്പൊ. 11:26) |
| 9. പൗലൊസിനോട് | (അപ്പൊ. 16:36) |
| 10. അലക്സാന്ത്രിയ | (അപ്പൊ. 18:24) |
| 11. ആത്മാവും, ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള | (അപ്പൊ. 6:3) |
| 12. ദെമേത്രിയോസ് | (അപ്പൊ. 19:24) |
| 13. പുബ്ലിയോസ് | (അപ്പൊ. 28:7) |
| 14. ഫെസ്തോസ് | (അപ്പൊ. 26:24) |
| 15. കവിവരന്മാർ | (അപ്പൊ. 17:28) |
| 16. പ്രബോധനപുത്രൻ | (അപ്പൊ. 4:36) |
| 17. ഫിലിപ്പോസ് | (അപ്പൊ. 8:5) |
| 18. ദ്രുസില്ല | (അപ്പൊ. 24:24) |
| 19. അഗ്രിപ്പാരാജാവും ബെർന്നീക്കയും | (അപ്പൊ. 25:13) |
| 20. യെഹൂദ്യയിൽ നിന്നു വന്നവർ | (അപ്പൊ. 15:1) |

**അനുസ്മരണം**

# കർത്തൃദാസൻ സി. ഓ. സാംകുട്ടി



**പോ**ങ്ങുമ്മൂട് (തിരുവനന്തപുരം) ഹെബ്രോൻ ക്രിസ്ത്യൻ അസംബ്ലിയിലെ ഒരു എൽഡറും ഹെബ്രോൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ ട്രസ്റ്റികളിലൊരാളുമായിരുന്ന സി. ഓ. സാംകുട്ടി (ചാങ്ങയിൽ വീട്, മുട്ടട, തിരുവനന്തപുരം) 2021 സെപ്റ്റംബർ 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 6.30 ന് തന്റെ 81-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. കഴിഞ്ഞ നവംബർ മാസം മുതൽ പ്രിയ സഹോദരൻ കാൻസർ രോഗബാധിതനായി ചികിത്സയിലായിരുന്നു. തന്റെ ദാസനെ തക്കസമയത്ത് തിരുസന്നിധിയിലേക്കു വിളിക്കുന്നതിന് കർത്താവിനു ഹിതമായി.

കല്ലിശ്ശേരിക്ക് അടുത്തുള്ള മഴുക്കീർ എന്ന സ്ഥലത്ത് ചാങ്ങയിൽ സി. വി. ഉമ്മൻ - ശോശാമ്മ ദമ്പതികളുടെ ഇളയമകനായ സാംകുട്ടി 1939 ഡിസംബർ 25-നാണ് ജനിച്ചത്. വിദ്യാഭ്യാസത്തിനുശേഷം കേരള എഡ്യുക്കേഷണൽ സർവ്വീസിലും അതിനുശേഷം ഉഗാണ്ടയിലും എത്യോപ്യയിലും അദ്ധ്യാപകനായി പ്രവർത്തിച്ചു. തദനന്തരം 1999 വരെ കുവൈറ്റ് ബാങ്കിംഗ് സർവ്വീസിൽ ജോലി ചെയ്യുകയും പിന്നീട് നാട്ടിലേക്കു മടങ്ങി വന്ന് തിരുവനന്തപുരത്ത് താമസമുറപ്പിക്കുയും ചെയ്തു.

കുവൈറ്റിലെ വാസക്കാലത്ത് സഭാസംബന്ധമായ പ്രവർത്തനങ്ങളിൽ താൻ ഏർപ്പെട്ടിരുന്നു. ഭവനസന്ദർശനം, ഗോസ്പൽ ക്യാമ്പുകൾ, സ്വഭവനത്തിലുള്ള ബൈബിൾ ക്ലാസുകൾ, സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ മുതലായവ ഇതിലുൾപ്പെട്ടിരുന്നു. 1985-ൽ മണിപ്പാൽ സന്ദർശിക്കുന്നതിന് ഇടയാകുകയും അവിടെ പഠനാർത്ഥം വന്നു ചേരുന്ന യുവജനങ്ങൾക്കു പ്രയോജകീഭവിക്കത്തക്ക രീതിയിൽ ഗ്രേസ് ഹോം ബൈബിൾ ചാപ്പൽ എന്ന അസംബ്ലി ഹോളിന്റെ നിർമ്മാണത്തിന് പ്രചോദനം നല്കുകയും ചെയ്തു.

തിരുവനന്തപുരത്ത് താമസമുറപ്പിച്ചപ്പോൾ മുതൽ നാളിതുവരെയും തിരുവനന്തപുരത്തും പരിസര പ്രദേശങ്ങളിലുമുള്ള വിവിധസുവിശേഷ പ്രവർത്തനങ്ങളിൽ സാംകുട്ടി സഹോദരനും തന്റെ പ്രിയപത്നി തങ്കമ്മ സാമും (കുഞ്ഞുമോൾ) ജാഗരൂകരായിരുന്നു. ഏതാനും യുവസഹോദരന്മാരുടെ സഹകരണത്തോടെ മുട്ടടയിലും ചുറ്റുപാടുമുള്ള എല്ലാ വീടുകളിലും സന്ദർശനം നടത്തുകയും ബൈബിളിന്റെയും തത്സംബന്ധമായ ഇതര പ്രസിദ്ധീകരണങ്ങളുടെയും കോപ്പികൾ വിതരണം ചെയ്യുകയും ചെയ്തു. തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെ "ക്രൈസ്തവ വനിത" എന്ന ദ്വൈമാസ പ്രസിദ്ധീകരണത്തിൽകൂടെ വായനക്കാർക്ക് സുപരിചിതയായ ഒരു വ്യക്തിയാണ് ശ്രീമതി തങ്കമ്മ സാം. സാംകുട്ടി സഹോദരൻ രോഗബാധിതനായ ശേഷവും ഗുഡ്ന്യൂസ് മിനിസ്ട്രീസ് സ്ഥാപകനായ ശ്രീ ചാൾസ് ജോണിന്റെ സഹോദരി ശ്രീമതി മേരി അഞ്ചനാൽ (തുംകൂർ) വിരചിതമായ "വിശ്വാസത്തിന്റെ ബലിപീഠത്തിൽ" എന്ന ഗ്രന്ഥം പുനഃപ്രസിദ്ധീകരിക്കുന്നതിനുവേണ്ട ഒത്താശകൾ ചെയ്യുകയും പ്രസ്തുത പുസ്തകത്തിന്റെ കോപ്പികൾ സൗജന്യമായി അനേകം ദൈവമക്കൾക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തു. പ്രിയ സഹോദരന്റെയും കുടുംബത്തിന്റെയും ഈദൃശ പ്രവർത്തനങ്ങൾ മൂലം അനവധിയാളുകൾ മാനസാന്തരപ്പെടുകയും രക്ഷയുടെ അനുഭവത്തിൽ വരുകയും ചെയ്തിട്ടുണ്ട്.

പ്രിയ സഹോദരന്റെ സഹധർമ്മിണി തങ്കമ്മ സാമും മക്കളായ റെജോയ് (കുവൈറ്റ്), റെനോയ് (യു. എസ്.), റെൻജി (യു. കെ.) എന്നിവരും സുവിശേഷപ്രവർത്തനങ്ങളിൽ പിതാവിന്റെ കാൽച്ചുവടുകളെ പിന്തുടരുന്നു എന്നുള്ളത് ദൈവനാമമഹത്ത്വത്തിനായി പ്രസ്താവിച്ചുകൊള്ളട്ടെ.

G. J.

# നമ്മുടെ പ്രത്യാശ നാഥനേശു വന്നിടും



**ഗാനരചന: അന്നമ്മ ചാൾസ് ജോൺ**

1 നമ്മുടെ പ്രത്യാശ നാഥനേശു വന്നിടും
ആകുലങ്ങളില്ലാ വീട്ടിൽ എന്നെ ചേർക്കുമേ
തീർന്നിടാത്ത ആനന്ദം അവിടെനിക്കുണ്ട്
പരൻ ശില്പിയായ് പണിത വീടവിടുണ്ട്

*ഹല്ലേലൂയ്യാ പാടാം യേശുവിനെവാഴ്ത്താം*
*സന്തോഷത്തിൻ ഗീതങ്ങൾ പാടി ആർത്തിടാം*

2. എന്തു സന്തോഷം ഹാ എന്തു മോദമേകിടും
പ്രിയനുമായുള്ള വാസം ആനന്ദമേകും
അല്ലൽ തീർന്നു ഞാനവിടെ ആനന്ദിക്കുമേ
കണ്ണുനീരുമാകവേ അവൻ തുടയ്ക്കുമേ
ഹല്ലേലുയ്യാ

3. എന്റെ പൗരത്വം സ്വർഗ്ഗദേശത്താണല്ലോ
അവിടെയാണെന്റെ നിക്ഷേപങ്ങളെല്ലാം
ലോകം തരാത്ത സമാധാനമുണ്ടവിടെന്നും
എന്റെ പ്രിയൻ ഒരുനാളും വേർപിരിയില്ല
ഹല്ലേലുയ്യാ

**QR Code Reader ഉപയോഗിച്ചു സ്കാൻ ചെയ്താൽ**
**ഈ പാട്ടു കേൾക്കാവുന്നതാണ്.**
**ആലാപനം : മാത്യു ജോൺ**